# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ /കെ കെ ഡി / പി2/1237/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

തീയ്യതി: 25/09/2021

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ കെ ഡി / പി2/1237/2021 തീയ്യതി: 25/09/2021

## കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2021 മുതൽ 03-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 03-03-2021 മുതൽ 03-09-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 14-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 14-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഹരി കെ പി ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈന എ കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ സാമുവൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ജയൻ പി സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ അഫ്സൽ ടി എം ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉസൈൻ എൻ സി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി നസ്റി പി പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 01-04-2020 |
| ശ്രീ ഹരിഹരൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-04-2020 | 15-10-2020 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2020 | 18-10-2020 |
| ശ്രീ മനോജ്കുമാർ കെ | സെക്രട്ടറി | 19-10-2020 | 11-12-2020 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-12-2020 | 19-12-2020 |
| ശ്രീ രഞ്ജുിത്ത് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2020 | 06-01-2021 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2021 | 10-01-2021 |
| ശ്രീ മനോജ്കുമാർ കെ | സെക്രട്ടറി | 11-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് പി സി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി. ശാലിനി വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശുഭ സി വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൽ ശുക്കൂർ എം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ ഡോ.വിക്രാന്ത് വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീജ ടിഎസ് | വില്ലേജ് എക്സ്റ്റൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സുസ്മിത സി | വില്ലേജ് എക്സ്റ്റൻ ഓഫീസർ, | 01-04-2020 | 31-03-2021 |
| പ്രജിഷ | വില്ലേജ് എക്സ്റ്റൻ ഓഫീസർ, | 01-04-2020 | 31-03-2021 |
| ശ്രീമതി. ജീന.കെ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുമില കെ ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ബിനോയ് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 10-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Afsal T.M (Auditor, On 10-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 10-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 10-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 13-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-5 |
| 8 | എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ തുക നഷ്ടപ്പെടുന്നു.<br>Written By: Hari. K.P (Audit Officer (HG), On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-6 |
| 9 | ക്യാഷ് ബാലൻസ്<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Afsal T.M (Auditor, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-8 |
| 11 | ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾക്കുള്ള മറുപടി വാഗ്ദാനരൂപത്തിലാകുന്നു<br>Written By: Hari. K.P (Audit Officer (HG), On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-9 |
| 12 | ചട്ടങ്ങൾക്കു വിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-10 |
| 13 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-11 |
| 14 | കംപ്ലീഷൻ പ്ലാനുകളിൻമേൽ ശരിയായ പരിശോധന നടത്തുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-12 |
| 15 | എല്ലാ വിഭാഗം ആളുകളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-13 |
| 16 | നികുതി തെറ്റായി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 23-09-2021) | |
| 17 | വസ്തുനികുതി നിർണ്ണയം - നിർമ്മാണം പൂർത്തീകരിച്ച അർദ്ധവർഷം മുതൽ നികുതി ഈടാക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-15 |
| 18 | അനധികൃത നിർമ്മാണം - കേസിന്റെ തുടർനടപടികളുടെ വിവരം ലഭ്യമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-16 |
| 19 | ഭാഗികമായി പൂർത്തീകരിച്ച് നികുതി നിർണ്ണയം ചെയ്ത കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുമ്പോൾ നികുതി പുന:നിർണ്ണയിക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-17 |
| 20 | അങ്കണവാടികളിലേക്ക് കുടിവെള്ളം - പ്രവൃത്തി വാട്ടർ അതോറിറ്റി പൂർത്തിയാക്കിയില്ല<br>Written By: Hari. K.P (Audit Officer (HG), On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-18 |
| 21 | സുഫലം വിഷ രഹിത ഫലം പദ്ധതിയിൽ ഫല വൃക്ഷ കിറ്റുകൾക്ക് അധിക നിരക്ക് അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-19 |
| 22 | എയറോബിക് യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല-നിഷ്ക്രിയ ആസ്തിയായി മാറി<br>Written By: Jayan P (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-20 |
| 23 | പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം പാതി വഴിയിൽ<br>Written By: Jayan P (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-21 |
| 24 | റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-22 |
| 25 | അജൈവ മാലിന്യസംസ്ക്കരണം-റീസൈക്ലിംഗ് യൂണിറ്റ് കെട്ടിടം നിർമ്മാണം എങ്ങുമെത്തിയില്ല<br>Written By: Jayan P (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-23 |
| 26 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-24 |
| 27 | പണം നൽകി ഒരു വർഷമായിട്ടും ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-25 |
| 28 | പി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ-എസ്റ്റിമേറ്റിലില്ലാത്ത പ്രവർത്തി നടത്തി അധിക തുക നൽകി.<br>Written By: Jayan P (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-26 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പൊതു അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-27 |

| | | |
|---|---|---|
| 30 | പച്ചക്കറി വികസനം എസ്.സി വനിതാ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 1-28 |
| 31 | കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-29 |
| 32 | സുഫലം വിഷ രഹിത ഫലം പദ്ധതിയിൽ ഫല വൃക്ഷ കിറ്റുകൾ വിതരണം ചെയ്തതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-30 |
| 33 | എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-31 |
| 34 | കാർഷിക ഉൽപ്പന്നങ്ങൾ വിതരണം ചെയ്തില്ല.<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-32 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-33 |
| 36 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-34 |
| 37 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ രേഖകൾ ഹാജരാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-35 |
| 38 | ടെസ്റ്റ് റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല- ഗുണ നിലവാരം ഉറപ്പുവരുത്താതെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു<br>Written By: Shyna A.K (Asst. Audit Officer, On 17-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 1-36 |
| **ഭാഗം 2** | | |
| 1 | നികുതി തെറ്റായി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 2-1 |
| **ഭാഗം 3** | | |
| 1 | പി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ-എസ്റ്റിമേറ്റിലില്ലാത്ത പ്രവർത്തി നടത്തി അധിക തുക നൽകി.<br>Written By: Jayan P (Senior Grade Auditor, On 18-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-2 |
| 3 | | 4-3 |

| | | |
|---|---|---|
| | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 23-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 08-09-2021)<br>Last Updated By: Vasudevan M (Deputy Director, On 24-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരമാനം-എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമാ യല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്കുപ്രകാരം വരവ് |
|---|---|---|
| 110-നികുതി വരുമാനം | 7500000 | 5796676 |
| 140-ഫീസ്&യൂസർചാർജ്ജസ് | 1572000 | 695117 |
| 150-സെയിൽ&ഹയർ ചാർജ്ജസ് | 610000 | 168798 |
| 170-നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 200000 | 88726 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേ ണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ . കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ് . എന്നാൽ ഇത് പാലിക്ക പ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 171 | 150000 | 150000 | 151468 |
| 4 | 210 | 14530000 | 11528000 | 11951747 |
| 6 | 250 | 8130000 | 6064044 | 6886959 |
| 7 | 251 | 100983525 | 51772857 | 52542184 |
| 8 | 253 | 5275475 | 2253425 | 3356689 |
| 9 | 256 | 25000 | 300000 | 491279 |

ബജറ്റ് പ്രൊവിഷനെക്കാൾ അധികരിച്ച് ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ് / ചെലവുകളും വന്നിട്ടുണ്ട് . കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 220 | 1592500 | 1449000 | 737942 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്.

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 28.05.2020 ന് ഓഡിറ്റി ന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1.തൻ വർഷത്തെ RP 43 പ്രകാരം Recievables For Property Tax On Residential Buildings(Current) 2082328/- രൂപയും, Recievables For Property Tax On Non Residential Buildings(Curent) 1882774/- രൂപയുമാണ്. DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് യഥാക്രമം 2095830/- രൂപയും,1892502 രൂപയുമാണ്.

2. B4 പ്രകാരം സംയുക്ത പ്രൊജക്റ്റിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000/- രൂപ ചെലവഴിക്കാതെ കിടക്കുന്നുണ്ട്. 2018-19, 2019-20,2020-21 വർഷങ്ങളിലെ B4 പ്രകാരവും ഈ തുക നീക്കിയിരിപ്പുണ്ടായിരുന്നു. പദ്ധതി നിർവഹണത്തിനായി ബ്ലോക്കിൽ നിന്നും ലഭിച്ച തുക വർഷങ്ങളായി ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.
3. B 4 പ്രകാരം സംയുക്ത പ്രൊജക്റ്റിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000/- രൂപയാണുള്ളത്. എന്നാൽ TSB ജോയിന്റ് വെഞ്ചർ എക്കൌണ്ടിൽ 997340/- രൂപയാണ് നിലവിൽ ബാലൻസ് ഉള്ളത്.

4.ജലനിധിയുടെ കനറാ ബാങ്ക് അക്കൗണ്ട് നം 17341011021622 – ൽ തൻവർഷം ഇടപാടുകൾ നടന്നിട്ടില്ല. ഈ അക്കൗണ്ടിൽ നിലവിൽ 209508/- രൂപ ബാലൻസ് ഉണ്ട്. ജലനിധി പദ്ധതിക്കാ യി നിലവിൽ പുതിയ അക്കൗണ്ട് തുറന്നിട്ടുണ്ട്.
5.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 ഉപവകുപ്പ് 19xപ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21, 24 എന്നിവ പ്രകാരവും, സർക്കാർ ഉത്തരവ് കൈ 106/2017 ത.സ്വ.ഭ.വ 26/05/2017പ്രകാരവും നൽകുന്ന നികുതി ഒഴിവ്/ ഇളവുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭൂരിഭാഗം യോഗങ്ങളിലും മേൽ വിവരിച്ച പ്രകാരമുള്ള നികുതി ഒഴിവിന്/ഇളവിനുള്ള അപേക്ഷകൾ പരിഗണിച്ച് അനുമതി നൽകുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ നൽകിയ നികുതി ഒഴിവ്/ ഇളവുകൾ സംബന്ധിച്ച വിവരം പഞ്ചായത്ത് കണക്കുകളിൽ (സാംഖ്യ) ഉൾപ്പെടുന്നില്ല. ഈ അപേക്ഷകളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി തൻവർഷ ഡിമാന്റ് തുകയിൽ മാറ്റം വരുത്തുകയാണ് ചെയ്യുന്നത്. ഡിമാന്റിൽ കുറവു വരുത്തിയ തുക മാത്രമാണ് വാർഷികകണക്കിൽ ഡിമാന്റ് ആയി ഉൾപ്പെടുന്നത്.

യഥാർത്ഥ ഡിമാന്റ് തുകയും, നികുതി ഒഴിവ്, ഇളവ് എന്നീയിനത്തിൽ നൽകുന്ന തുകയുടെ വിശദാംശവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

6.ആസ്തി രജിസ്റ്റർ കാലികമല്ല

1. തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12178423 |
| ഓഡിറ്റ് വർഷത്തെ വരവ് | 80070494 |
| ആകെ | 92248917 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79645592 |
| നീക്കിയിരിപ്പ് | 12603325 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14105043 | 14105043 | 13320550 | 784493 | 94 |
| വികസന ഫണ്ട് (എസ് സി പി) | 0 | 5509480 | 5509480 | 4590390 | 919090 | 83 |
| വികസന ഫണ്ട്- (സി എഫ്സി ടൈഡ് ഗ്രാന്റ്) | 0 | 6120000 | 6120000 | 1925565 | 4194435 | 31.4 |
| മെയിന്റനൻസ്, റോഡ് | - | 9626000 | 9626000 | 9526610 | 99390 | 98.9 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 4480221 | 4480221 | 4480221 | 0 | 99 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 13044909 | 13044909 | 10490120 | 2554789 | 80.4 |
| ജനറൽ പർപസ് ഗ്രാന്റ് | 0 | 14200693 | 14200693 | 14200693 | | 100 |
| ദുരിതാശ്വാസ നിധി | 106295 | 2653 | 108948 | 0 | 108948 | |
| എം.എൻ.ആർ.ഇ.ജി.എസ് (ഭരണ ചെലവ്) | 9276 | 1352282 | 1361558 | 1352181 | 9377 | |
| ജലനിധി | 204209 | 1199236 | 1403445 | 144763 | 1258682 | |
| സംയുക്ത പദ്ധതി- ബ്ലോക്ക് പഞ്ചായത്ത്- | 0 | 1649763 | 1649763 | 1649763 | | |
| സംയുക്ത പദ്ധതി- ജില്ലാ പഞ്ചായത്ത് | 0 | 2443500 | 2443500 | 2443500 | | |
| പൈക്ക | 14800 | 450 | 15250 | 0 | 15250 | |

2020-21 വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 31.4% മാത്രമാണ്/- ചെലവഴിക്കാൻ സാധിച്ചത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്ക് പദ്ധതികൾ നീട്ടി കൊണ്ട് പോവുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഭരണസമിതി പദ്ധതി നടത്തിപ്പിൽ കാലതാമസമുണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക യിലെ അപാതകൾ ചുവടെ കൊടുക്കുന്നു,

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രിക യിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 4844266 | 15372938 |
| | സേവനം | 11557688 | 43005785 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | 588000 | 688000 |
| | സേവനം | 4705150 | 18974550 |
| സംരക്ഷണഗ്രാന്റ് റോഡിതരം | | | |
| | സേവനം | 4190407 | 4590407 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 10840012 | 11140012 |
| ധനകാര്യകമ്മീഷൻ ജനറൽ ഗ്രാന്റ് | സേവനം | 7293546 | 18500796 |
| | പശ്ചാത്തലം | 9956811 | 12956811 |

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 185 | 79805030 | 166 | 19 | 57419529 | 71.9% |

മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല. വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് ഇനം | വകയിരുത്തിയത് | ബജറ്റ് അലോട്ട്മെന്റ് | തൻ വർഷം ലഭിച്ച അലോട്ട്മെന്റ | തൻ വർഷ ചെലവ് | തൻ വർഷം ലഭിച്ച അധിക അലോട്ട് | ലാപ്സായ തുക 4-5 |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | മെന്റ് (4 – 3 ) | |
| | 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | വികസന ഫണ്ട് (ജനറൽ ) | 16876479 | 15324000 | 14105040 | 13320550 | -1218960 | 784490 |
| 2 | SCP | 5393150 | 4464000 | 5509480 | 4590390 | 1045480 | 919090 |
| 3 | TSP | - | - | - | - | - | - |
| 4 | CFC ( Tied)) | - | -- | 6120000 | 1925565 | 6120000 | 4194435 |
| 5 | CFC (Untied) | 17852001 | 10869000 | 13044909 | 10490120 | 2175909 | 2554789 |
| 6 | മെയിന്റനൻസ് (നോൺറോഡ്) | 5309413 | 4526000 | 4480221 | 4480221 | -45779 | 0 |
| 7 | മെയിന്റനൻസ് (റോഡ്) | 10840012 | 9626000 | 9626000 | 9526610 | 0 | 99390 |
| 8 | ആകെ | 56271055 | 44809000 | 52885650 | 44333456 | 8076650 | 8552194 |

വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികൾക്കായി മേൽ ഗ്രാന്റുകളിൽനിന്നും 8076650/- രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട്. 2019 -20 വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 25% വരെ ഇത്തരത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വകയിരുത്താമെന്ന 31.3.2020 ലെ 724/2020/ ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്.

മേൽ കൊടുത്ത പ്രകാരം സ്പിൽ ഓവർ പദ്ധതികൾക്കായി തൻവർഷത്തെ ബജറ്റ് അലോട്ട്മെന്റിനെക്കാൾ 8076650/രൂപ അധികരിച്ച് അലോട്ട്മെന്റ് ലഭ്യമായെങ്കിലും യഥാർത്ഥ ബജറ്റ് അലോട്ട്മെന്റിനെക്കാൾ 475544/-രൂപയുടെ കുറഞ്ഞ വിനിയോഗം (44809000-44333456 = 475544/-) മാത്രമാണ് തൻവർഷം വന്നത്.

<u>CFC (Tied) ഗ്രാന്റ് ലഭിച്ച തുകയുടെ 69% ലാപ്സായി</u>

| ക്രമ നം | ഉത്തരവ് നം/തിയതി | തൻ വർഷം ലഭിച്ച അലോട്മെന്റ് |
|---|---|---|
| 1 | GO(Rt)No.4364/2020/Fin 28/07/2020 | 3060000 |
| 2 | GO(Rt)No.4364/2020/Fin 03/11/2020 | 3060000 |
| ആകെ | | 6120000 |
| ചെലവഴിച്ച തുക | | 1925565 |
| ലാപ്സായ തുക | | 4194435 |

ശുചിത്വം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾക്കാണ് ഈ തുക ഉപയോഗിക്കേണ്ടിയിരുന്നത്, എന്നാൽ ഈ തുകയുടെ 31.5 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. 4194435 രൂപ ലാപ്സായി ഇതടക്കം തൻവർഷം ആകെ 8552194/-രൂപ സ്ഥാപനത്തിന് നഷ്ടമായി. വിശദീകരണം നൽകേണ്ടതാണ്.

<u>1-6 എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ തുക നഷ്ടപ്പെടുന്നു.</u>

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 70 പ്രവൃത്തികൾക്ക് വേണ്ടി കരാറുകാർ മുഖേന, അതിനാവശ്യമായ മെറ്റീരിയൽ വാങ്ങിച്ച് നൽകിയിട്ടുണ്ട്.

ഇതിനായി 8389351 രൂപ 2020-21 ൽ ചെലവഴിച്ചു. 10 കരാറുകാർ ആണ് മെറ്റീരിയൽ വിതരണം ചെയ്തത്. ഇതിന് വിളിച്ച ടെണ്ടറിൽ പങ്കെടുത്തവർ എസ്റ്റിമേറ്റ് നിരക്കാണ് ക്വാട്ട് ചെയ്തത്.

ഗ്രാമപഞ്ചായത്തിൽ ഒരു ക്രഷർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ ഈ ക്രഷറിൽ നിന്ന് നേരിട്ട് വാങ്ങാമെന്നിരിക്കെ കരാറുകാരൻ മുഖേന ടെണ്ടർ നടപടിയിലൂടെയാണ് മെറ്റീരിയൽ സംഭരിച്ചത്. ഓഡിറ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ ഗ്രാമപഞ്ചായത്ത് ഈ ക്രഷറിൽ നിന്ന് നിലവിലെ മെറ്റീരിയൽ വില ആവശ്യപ്പെട്ടതിൽ, താഴെ കൊടുത്ത നിരക്കാണ് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ക്വാട്ട് ചെയ്തത്.

| | | ഒരു ഘന അടിയ്ക്ക് |
|---|---|---|
| 1 | എം.സാന്റ് | 47 |
| 2 | പി.സാന്റ് | 60 |
| 3 | 20 എം.എം.മെറ്റൽ | 39 |
| 4 | 40 എം.എം.മെറ്റൽ | 40 |
| 5 | 12 എം.എം.മെറ്റൽ | 40 |

ഒരു ഘനമീറ്റർ 35.31 ഘന അടിയായി കണക്കാക്കിയാൽ എസ്റ്റിമേറ്റിൽ ഡി.എസ്.ആർ റേറ്റ് പ്രകാരം അനുവദിക്കപ്പെട്ട തുകയും പ്രാദേശികമായി ലഭ്യമായ മെറ്റീരിയൽ നിരക്കും താരതമ്യം ചെയ്ത് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെറ്റീരിയൽ | എസ്റ്റിമേറ്റിലെ നിരക്ക് 1 ഘന മീറ്ററിന് | ക്രഷർ റേറ്റ് കടത്ത് ഉൾപ്പെടെ | വ്യത്യാസം കുറവ് ശതമാന ത്തിൽ |
|---|---|---|---|---|
| 1 | 40 എം.എം. മെറ്റൽ | 1900 | 35.34x40= 1413.6 | 486.4 25.6% |
| 2 | 20 എം.എം. മെറ്റൽ | 2050 | 35.34x39= 1378.26 | 671.74 32.77% |
| 3 | 10 എം.എം. മെറ്റൽ | 2050 | 35.34x40= 1413.6 | 636.4 31.04% |
| 4 | എം.സാന്റ് | 2200 | 35.34x47= 1661 | 539 24.5% |

മേൽ കാണിച്ച മെറ്റീരിയൽ ഡി.എസ്.ആർ നിരക്ക് പ്രകാരം 2020-21 വർഷത്തിൽ 4648372 രൂപയ്ക്ക് 70 പ്രവൃത്തികൾക്കായി 10 കരാറുകാർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്രഷർ റേറ്റ് പ്രകാരം നേരിട്ട് വാങ്ങിയിരുന്നെങ്കിൽ ഇതിന് 3381096 രൂപ മാത്രമേ ചെലവാകുകയുള്ളൂ. ഈ ഇനത്തിൽ 1267276 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. മെറ്റീരിയൽ പർച്ചേസിൽ ഇടനിലക്കാരാ യി കരാറുകാരൻ വരുന്നതിലൂടെ

നേരിട്ട് പർച്ചേസ് ചെയ്യുന്നതിനേക്കാൾ 1267276 രൂപ അധികം ചെലവഴിക്കേണ്ടി വന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

## 1-7 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-09-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യ ത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതു ണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല.

വസ്തുനികുതി ഫയലുകൾ പരിശോധിച്ചപ്പോൾ, നികുതി തെറ്റായി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതും, ചട്ട വിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നതും കണ്ടെത്തി .

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളുടെ ഏതാനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്ററർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## 1-9 ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾക്കുള്ള മറുപടി വാഗ്ദാനരൂപത്തിലാകുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനം കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ടുകൾ സൂചിപ്പിച്ച പോരായ്മകളോ ക്രമക്കേടുകളോ പരിഹരിക്കുകയും എക്സിക്യൂട്ടീവ് അതോറിറ്റി അത് അറിയിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത സമയത്തിനുള്ളിൽ പോരായ്മകളോ ക്രമക്കേടുകൾക്കോ നൽകാൻ ആഗ്രഹിക്കുന്ന കൂടുതൽ വിശദീകരണം വകുപ്പിന് നൽകുകയോ ചെയ്യേണ്ടതാണ്. കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 13.01.2020 ന് കെ.എസ്.എ.കെ.കെ.ഡി.പി2/52/2020 നമ്പറിൽ പുറപ്പെടുവിക്കുകയും, അതിന് ഗ്രാമപഞ്ചായത്ത് 28.07.2020 ൽ എ 3274/2020 നമ്പറിൽ പ്രഥമ മറുപടി നൽകുകയുമുണ്ടായി. എന്നാൽ ഓഡിറ്റ് റിപ്പോർട്ട് അപാകതയ്ക്ക് നൽകിയ മറുപടി ഇപ്പോഴും പാലിച്ചിട്ടില്ല.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | റിപ്പോർട്ട് പരാമർശം | സമർപ്പിച്ച മറുപടി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | ഖണ്ഡിക 1-10(5) | പോഷകാഹാരത്തിനായി ലഭിച്ച കേന്ദ്രഫണ്ട് മുഴവൻ ചെലവഴിച്ചില്ല. ഇതിന് പ്രത്യേകം അക്കൗണ്ടും ആരംഭിച്ചില്ല. | പ്രത്യേകം അക്കൗണ്ട് ആരംഭിക്കുന്നതാണ്. | നാളിതുവരെ പാലിച്ചില്ല. |
| 2 | ഖണ്ഡിക 1-10(6) | സംയുക്ത പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1060000 രൂപ ചെലവഴിച്ചില്ല | ബ്ലോക്ക് പഞ്ചായത്ത് അവിടെ ഗ്രാമപഞ്ചായത്തിന്റെ ചെലവ് പരിഗണിക്കാതെ തുക കൈമാറിയ നടപടി തെറ്റാണ്. ചെലവഴിക്കേണ്ട അവസരത്തിലേ തുക കൈമാറാവൂ. | ഗ്രാമപഞ്ചായത്ത് കൈവശമുള്ള തുക തിരിച്ചടക്കേണ്ടതിന് പകരം, ബ്ലോക്ക് പഞ്ചായത്ത് നടപടി കുറ്റപ്പെടുത്തി. |
| 3 | ഖണ്ഡിക 1-10(8) | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല | ഇപ്പോൾ സൂക്ഷിക്കുന്നു. | നിലവിൽ ആസ്തി രജിസ്റ്റർ കാലികമല്ല. 2018 ന് ശേഷം ആവശ്യ മായ രേഖപ്പെടുത്തൽ ഇല്ല. |
| 4 | ഖണ്ഡിക 1-13 | ലോഡ്ജിംഗ് ആവ ശ്യത്തിനും കെട്ടിടത്തിന്റെ പാർപ്പിടാവശ്യത്തിനും നികുതി നിർണ്ണയിച്ചു. | റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ഡിമാന്റ് മാത്രം റിവൈസ് ചെയ്തു. | ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ച ഗ്രാമപഞ്ചായത്തിലെ മറ്റ് കെട്ടിടങ്ങളുടെ വിവരം ശേഖരിച്ച്, അവയുടെ നികുതി പുനർ നിർണ്ണയിച്ച് സോഫ്റ്റ് വെയറിൽ വേണ്ട മാറ്റം വരുത്തി , നികുതി ഈടാക്കിയി ല്ല. |
| 5 | ഖണ്ഡിക 1-15 | അഭിഭാഷകർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. | തുടർ വർഷം നടപ്പാക്കാം. | എന്നാൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |

ഓഡിറ്റ് റിപ്പോർട്ടിന് സമർപ്പിച്ച മറുപടിയിൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ട് അല്ലെങ്കിൽ രജിസ്റ്റർ ഇപ്പോൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എന്നിങ്ങനെയുള്ള മറുപടി സമർപ്പിക്കുമ്പോഴും അതേ അപാകത പരിഹരിക്കപ്പെടാതെ ഇപ്പോഴും തുടരുന്നതായി കാണുന്നു. ആസ്തി രജിസ്റ്റർ ഇപ്പോഴും കാലികമാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ വരുന്ന ശോഷണം തുടർന്നു വരുന്ന വർഷത്തിൽ നടപ്പാക്കിയിട്ടില്ല. ഇതിൽ നിന്നു ഓഡിറ്റ് റിപ്പോർട്ടിന് തരുന്ന മറുപടി പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. ഇത് അപാകത തന്നെയാണ്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-10 ചട്ടങ്ങൾക്കു വിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിലെ ചട്ടം 11, 12 എന്നിവയിൽ വസ്തുനികുതി നിശ്ചയിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കുന്നു. ചട്ടം 11(1) പ്രകാരം ഒരു ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയതും, അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തുനികുതി റിട്ടേൺ ഫോറം നമ്പർ 2 ൽ സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. ഉപചട്ടം(2)ൽ കെട്ടിട ഉടമ സമർപ്പിക്കുന്ന റിട്ടേൺ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ കെട്ടിട ഉടമയ്ക്ക് നമ്പറിട്ട കൈപ്പറ്റ് രസീത് നൽകേണ്ടതും, റിട്ടേണുകളുടെ വിവരം വാർഡ് അടിസ്ഥാനത്തിലുള്ളതും, കെട്ടിട നമ്പറുകൾ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുമുള്ളതുമായ വസ്തു നികുതി റിട്ടേൺ രജിസ്റ്ററിൽ (ഫോറം 3)രേഖപ്പെടുത്തേണ്ടതുമാ ണ്.

ചട്ടം 12 ഉപചട്ടം (4) പ്രകാരം കെട്ടിട ഉടമ റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്തു പോയി ഫോറം 6 ൽ ശേഖരിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതു മാണ്. ഉപചട്ടം (6) ൽ കെട്ടിട ഉടമ റിട്ടേൺ സമർപ്പിക്കാതിരുന്നാൽ, സെക്രട്ടറി അധികാരപ്പെട്ടു ത്തിയ ഉദ്യോഗസ്ഥൻ ആറു മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ഫോറം 6ൽ ശേഖരിച്ച് നികുതി നിർണ്ണയിക്കേണ്ടതും, ഇപ്രകാരം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്തു പോയി ശേഖരിച്ചതിന്റെ ചാർജ്ജായി കെട്ടിട ഉടമയിൽ നിന്നും 50 രൂപയി ൽ അധികരിക്കാത്ത തുക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കാവുന്നതും, ഇതിലേയ്ക്കുള്ള അറിയിപ്പ് ഫോറം 7 ൽ നൽകേണ്ടതുമാണ്.

ഓഡിറ്റ് വർഷത്തിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ചതും, നികുതി നിർണ്ണയം നടത്തിയതുമായ ഫയലുകൾ പരിശോധിച്ചപ്പോൾ, മേൽ വിവരിച്ച നടപടികൾ സ്വീകരിക്കാതെ ഫോറം 2 ഉടമയിൽ നിന്നും ശേഖരിക്കാതെ നികുതി നിശ്ചയിക്കുന്നതായി കണ്ടു. ഉടമ സ്വയമേ റിട്ടേൺ സമർപ്പിക്കാൻ വിസമ്മതിക്കുന്നതാണോ, അതോ പഞ്ചായത്ത് ആയത് ആവശ്യപ്പെടാത്ത താണോ ഇതിന് കാരണമെന്ന് വ്യക്തമല്ല. ചട്ട വിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നികുതി നിർണ്ണയങ്ങൾ ചട്ടപ്രകാരം മാത്രം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നടപടികളു ടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കുമ്പോഴും, നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ, അല്ലെങ്കിൽ വകുപ്പ് 7 പ്രകാ രം റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യാവൂ എന്ന് 09.07.2015 ലെ സർക്കാർ ഉത്തരവ് നം.(എം.എസ്.)231/2015/ ത.സ്വ.ഭ.വ ഖണ്ഡിക 1 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖണ്ഡിക 2 ൽ കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (എ) പ്രകാരമുള്ള ആഡംബരനികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻസാമ്പത്തിക വർഷത്തെ ആഡംബര നികുതി ഒടുക്കിയതിന്റെ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമാണ് വസ്തുനികുതി അടവാക്കിയതിന്റെ രസീത് നല്കേണ്ടത് എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഏതെങ്കിലും കെട്ടിടത്തിന് നികുതിയിളവിന് സാധ്യതയുള്ള പക്ഷം ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നോ, തഹസിൽദാർ ചുമതലപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ലഭ്യമാക്കി സമർപ്പിക്കണം.

എന്നാൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ മേൽ വിവരിച്ച രീതിയിൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും, തുടർന്ന് വസ്തുനികുതി നിർണ്ണയിച്ച നൽകുമ്പോഴും കെട്ടിട ഉടമ സർക്കാരിലേയ്ക്ക് അടവാക്കേണ്ട മേൽ നികുതികൾ അടവാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നമ്പറിംഗ് നടപടികൾ ചെയ്യുന്നതുമൂലം സംസ്ഥാന സർക്കാരിന് നികുതി വരുമാനശോഷണത്തിന് സാധ്യതയുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കംപ്ലീഷൻ പ്ലാനുകളിൻമേൽ ശരിയായ പരിശോധന നടത്തുന്നില്ല

കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ച് ഒക്യുപൻസിയ്ക്കും, നമ്പറിംഗിനുമായി ഉടമകൾ സമർപ്പിക്കുന്ന പ്ലാനുകളിന്മേൽ സാങ്കേതിക വിഭാഗം ജീവനക്കാർ ശരിയായ പരിശോധന നടത്തുന്നില്ല. ഉടമയ്ക്ക് ലഭിച്ച നിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ച് കെട്ടിടത്തിന്റെ വിസ്തൃതിയിൽ വർദ്ധനവോടെ സമർപ്പിച്ച പല പ്ലാനുകളിലും ഇക്കാര്യം റിപ്പോർട്ട് ചെയ്യാതെ നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിനാൽ നമ്പർ നൽകാമെന്ന് ശുപാർശ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ നിർമ്മാണാനുമതിയിൽ നിന്നും വിസ്തൃതിയിൽ വർദ്ധനവുള്ള കാര്യം റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് കുറിപ്പെഴുതിയതിയതിനാൽ, ഓവർസിയർ വീണ്ടും പരിശോധിച്ച് വർദ്ധനവുള്ള കാര്യം റിപ്പോർട്ട് ചെയ്തു, വർദ്ധിച്ച വിസ്തൃതിയ്ക്ക് ക്രമവത്കരണ ഫീസ് കണക്കാക്കി ശുപാർശ ചെയ്തു. ഉദാഹരണമായി, ഫയൽ നമ്പർ എ3-1441/20(ശ്രീ.ഷൗക്കത്ത്), നം. എ3-2389/15.5.20(ശ്രീ.നൗഫൽ, കൊല്ലരുകണ്ടിയിൽ) എന്നീ ഫയലുകൾ. ഇതിൽ ആദ്യ ഫയലിൽ ഉടമ നൽകിയ അപേക്ഷയിൽ തന്നെ അധിക നിർമ്മാണത്തെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്.

തെറ്റായ റിപ്പോർട്ട് നൽകി നമ്പർ അനുവദിച്ചു

ഓഡിറ്റ് കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി ലഭിച്ച അപേക്ഷകളിൽ തെറ്റായ റിപ്പോർട്ട് സാങ്കേതിക വിഭാഗം നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

1.ഫയൽ നമ്പർ : എ3-810/20

ശ്രീമതി.റാബിയ മുതൽ 4 പേർ നൽകിയ മേൽ നമ്പറിംഗ് അപേക്ഷയിൻ മേൽ അന്വേഷണം നടത്തിയ ഓവർസിയർ റാമ്പ്, ടോയ് ലെറ്റ് , പാർട്ടീഷൻ വാൾ എന്നിവ നിർമ്മിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാൻ പുനഃസമർപ്പിക്കാൻ നിർദ്ദേശിച്ചു. പിന്നീട് അപാകതകൾ പരിഹരിച്ച് എ3-2861/20 പ്രകാരം ലഭിച്ച അപേക്ഷയിൻ മേൽ അന്വേഷണം നടത്തി അതേ സാങ്കേതിക വിഭാഗം ജീവനക്കാരി അപാകതകളെല്ലാം പരിഹരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് നമ്പർ നൽകി നികുതി നിർണ്ണയിച്ചു. ഓഡിറ്റ് ടീം 13.9.21ന് നടത്തിയ സ്ഥല പരിശോധനയിൽ അപാകത പരിഹരിച്ചുവെന്ന് റിപ്പോർട്ട് ചെയ്ത റാമ്പിന്റെ നിർമ്മാണം നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

2.ഫയൽ നമ്പർ : എ3-4746/19

ശ്രീ.അബ്ദുറഹിമാൻ.കെ എന്നവർ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൻമേൽ അന്വേഷണം നടത്തിയ ഓവർസിയർ പാർക്കിംഗ്, റാമ്പ്, ഡിസേബിൾഡ് പാർക്കിംഗ് എന്നിവ നിർമ്മിച്ചിട്ടില്ലെന്ന് കാണിച്ച് റിപ്പോർട്ട് നൽകി. തുടർന്ന് അപാകത പരിഹരിച്ച് ഉടമ നൽകിയ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിച്ചതായുള്ള റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ നമ്പർ അനുവദിച്ച് നികുതി നിർണ്ണയം നടത്തി. എന്നാൽ ഓഡിറ്റ് ടീം 13.9.21ന് നടത്തിയ സ്ഥല പരിശോധനയിൽ അപാകത പരിഹരിച്ചുവെന്ന് റിപ്പോർട്ട് ചെയ്ത റാമ്പിന്റെ നിർമ്മാണം നടന്നിട്ടി ല്ലെന്ന് ബോധ്യപ്പെട്ടു.

മേൽ രണ്ടു ഫയലുകളിലും തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി പ്ലാൻ സമർപ്പിച്ച എൽ.ബി.എസിന് കാരണം കാണിക്കൽ നോട്ടീസ് നൽകാൻ ഹെഡ്ക്ലർക്ക് കുറിപ്പെഴുതുകയും, ആദ്യ ഫയലിൽ ആയത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് തുടർനടപടികളൊന്നും നടന്നിട്ടില്ല. അപേക്ഷകളിന്മേൽ തെറ്റായ റിപ്പോർട്ട് നൽകാനുണ്ടായ സാഹചര്യവും, സാങ്കേതിക വൈദഗ്ദ്യം ഇല്ലാത്ത ഒരാൾക്കു പോലും നിർമ്മാണാനുമതിയും, കംപ്ലീഷൻ പ്ലാനും തമ്മിൽ താരതമ്യപ്പെടുത്തിയാൽ മനസ്സിലാകുന്ന വ്യതിയാനം

സാങ്കേതിക വൈദഗ്ദ്യമുള്ള ജീവനക്കാരൻ റിപ്പോർട്ട് ചെയ്യാതിരുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

സാങ്കേതിക വിഭാഗം ജീവനക്കാർ നൽകുന്ന റിപ്പോർട്ട് മാത്രം അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയം നടത്തുന്ന രീതി മാറ്റേണ്ടതും, മേൽ വിവരിച്ച വിധം തെറ്റായ റിപ്പോർട്ടുകൾ സാങ്കേതിക വിഭാഗം നൽകുന്ന അനാരോഗ്യകരമായ അവസ്ഥ ഒഴിവാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ അതീവ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 1-13 എല്ലാ വിഭാഗം ആളുകളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 ന് കീഴിലെ വിവിധ ഉപവകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയും (ഉപവകുപ്പ് I), പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ പഞ്ചായത്തു പ്രദേശത്തിനുള്ളിൽ താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ(ഉപവകുപ്പ് IIഎ) ചെയ്യുന്ന ഏതൊരാളുടേയും, ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെ മേലും (ഉപവകുപ്പ് IIബി) തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2020-21 വർഷത്തിൽ കിഴക്കോത്ത് പഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് പരിശോധിച്ചതിൽ മുകളിൽ വിവരിച്ച പല വിഭാഗങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. <u>റേഷൻ ഷാപ്പുകൾ</u>

റേഷൻ കടകളുടെ ലൈസൻസികൾക്ക് സർക്കാർ മിനിമം വേതനം നിർണ്ണയിച്ച് നടപ്പാക്കിയിട്ടുണ്ട് . ഇവരുടെ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഡിമാൻറ് നോട്ടീസ് നൽകി ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

2. <u>കരാറുകാർ</u>

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളെല്ലാം വർഷം തോറും ഒരേ കരാറുകാരാണ് ഏറ്റെടുത്ത് നടപ്പാക്കി കാണുന്നത്. എന്നാൽ ഈ വിഭാഗത്തെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. <u>കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി ആദായമുണ്ടാക്കുന്നവർ</u>

പഞ്ചായത്ത് പരിധിയിൽ കെട്ടിടങ്ങൾ നിർമ്മിച്ച് ലോഡ്ജിംഗ്, വാണിജ്യ ആവശ്യങ്ങൾ ക്കായി വാടകയ്ക്ക് നൽകി ആദായമുണ്ടാക്കുന്ന വലിയൊരു വിഭാഗം പഞ്ചായത്തിലുണ്ടെന്ന് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. എന്നാൽ ഈ വിഭാഗത്തെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഉപവകുപ്പ് ബി, സി എന്നിവയിൽ വിവരിക്കും പ്രകാരം നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-14 നികുതി തെറ്റായി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച

<u>I. ഫയൽ നമ്പർ: എ3-2389</u>

ഉടമസ്ഥൻ: ശ്രീ.നൗഫൽ, കൊല്ലരുകണ്ടിയിൽ, ആവിലോറ

കെട്ടിട നമ്പർ : 6/393A

ശ്രീ. നൗഫൽ തന്റെ 269.14 വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി മേൽ ഫയൽ പ്രകാരം അപേക്ഷ നൽകി. അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിട നിർമ്മാണ സൂപ്പർവൈസറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 10.1.20ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പ്രകാരം നികുതി നിർണ്ണയിച്ചത് ചുവടെ കൊടുക്കും പ്രകാരമാണ്,

| |
|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് - 4 രൂപ |
| അടിസ്ഥാന വസ്തു നികുതി - 4 X 269.14 = 1076.56 |
| <u>ഇളവുകൾ</u> |
| മേഖല ദ്വിദീയം 10% - 107.656 |
| വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവ് 10% - 107.656 |
| ആകെ ഇളവ് - 215.312 |
| <u>വർദ്ധനവ്</u> |
| <u>ഇല്ല</u> |
| നിർണ്ണയിച്ച വസ്തു നികുതി - 862 + 44(1076.56 – 215.312) |

അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത വസ്തുവിന് മുന്നിലൂടെ പോകുന്ന റോഡിന് 6മീറ്റർ വീതിയുണ്ട്. ഇതു കണക്കാക്കാതെയാണ് വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവാണെന്ന വ്യാജേന 20% നികുതി വർദ്ധനവിന് പകരം 10% നികുതിയിളവ് അനുവദിച്ചിരിക്കു ന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം 6 പരിശോധിച്ചതിൽ ഈ വീടിന്റെ തറ നിർമ്മിതി "സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്)(100 ച. മീ)" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി വർദ്ധനവ് (15%)ഒഴിവാക്കി നൽകിയിരിക്കുന്നതായും കണ്ടു. ദേശീയപാതയിൽ നിന്നും 300മീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ദ്വിദീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് വിജ്ഞാപനത്തിലൂടെ പഞ്ചായത്ത് പ്രസിദ്ധീകരിച്ച മേഖലാ തിരിവ് ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന് യഥാർത്ഥത്തിൽ ചുമത്തേണ്ട നികുതി താഴെ കൊടുക്കുന്നു,

| |
|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് - 4 രൂപ |
| അടിസ്ഥാന വസ്തു നികുതി - 4 X 269.14 = 1076.56 |
| <u>ഇളവുകൾ</u> |
| മേഖല ദ്വിദീയം 10% - 107.656 |
| <u>വർദ്ധനവ്</u> |
| വഴി 5 മീറ്ററിൽ കൂടുതൽ 20% - 215.312 |
| തറ നിർമ്മിതി 15% |
| (വില കൂടിയ വസ്തുക്കൾ ഉപയോഗിച്ചുള്ളതും, 250ച.മീ.കൂടുതലും) - 161.484 |
| ആകെ വർദ്ധനവ് - 376.796 |
| നിർണ്ണയിക്കേണ്ട വസ്തു നികുതി - 1346+67(1076.56 – 107.656 + 376.796) |
| നികുതിയിൽ കുറവ് - 484 +23രൂപ |

II. <u>ഫയൽ നമ്പർ: എ3-3059</u>

ഉടമസ്ഥൻ : ശ്രീ.അബ്ദുള്ള, പ്രസിഡൻറ്റ്, ജുമാ അത്ത് പള്ളി, കിഴക്കോത്ത്

കെട്ടിടം നമ്പർ : 9/219C

2019-20ലെ 210 നമ്പർ പെർമിറ്റ് (എ3-BA8315/20)പ്രകാരം 125.26ച.മീ. വിസ്തൃതിയുള്ള കൊമേഴ്സ്യൽ/മെർക്കൻ്റൈൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും, മേൽ ഫയൽ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷ ലഭിക്കുകയും ചെയ്തു. നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചത് താഴെ ചേർക്കുന്നു,

| |
|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് - 40രൂപ(ഇതര വ്യവസായങ്ങൾക്കാവശ്യമായവ) |
| അടിസ്ഥാന വസ്തു നികുതി - 40 X 123.41= 4936.4 |
| <u>ഇളവുകൾ</u> |
| മേഖല ദ്വിദീയം 10% - 493.64 |
| മേൽക്കൂര കുറഞ്ഞയിനം 10% - 493.64 |
| ആകെ ഇളവ് - 987.28 |
| <u>വർദ്ധനവ്</u> |
| ഇല്ല |
| നിർണ്ണയിച്ച വസ്തു നികുതി - 3950 + 198(4936.4 – 987.28) |

മേൽ ഫയൽ പരിശോധിച്ചതിൽ, സൈറ്റ് പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള റോഡിനഭിമുഖമായാണ് ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ ഫോറം 6ൽ ഒന്നര മീറ്ററിൽ കൂടുതലുള്ള റോഡ് എന്നുൾപ്പെടുത്തി യഥാർത്ഥത്തിൽ വരുത്തേണ്ട 20% വർദ്ധനവ് വരുത്താതെ ബാധകമായ ഇളവുകൾ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കണ്ടു. കൂടാതെ നിർമ്മാണാനുമതി ലഭിച്ച ഉപയോഗക്രമം കൊമേഴ്സ്യൽ/മെർക്കൻറ്റൈൽ ആയിരിക്കെ ഇതരവ്യവസായങ്ങൾക്കുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കാണ് ബാധകമാക്കിയത്. ഉടമസ്ഥൻ നൽകിയ അപേക്ഷയിലും ആയത് കൊമേഴ്സ്യൽ സ്റ്റോറേജ് ഷെഡ് ഉപയോഗത്തിനുള്ളതാണെന്ന് വിവരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ബാധകമാക്കേണ്ടിയിരുന്നത് "വാണിജ്യാവശ്യത്തിനുള്ളവ, 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറൻ്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 50രൂപ നിരക്കാണ്. യഥാർത്ഥത്തിൽ ചുമത്തേണ്ട നികുതി ചുവടെ ചേർക്കുന്നു,

| |
|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് - 50രൂപ(ഇതര വ്യവസായങ്ങൾക്കാവശ്യമായവ) |
| അടിസ്ഥാന വസ്തു നികുതി - 50 X 123.41= 6170.5 |
| <u>ഇളവുകൾ</u> |
| മേഖല ദ്വിദീയം 10% - 617.05 |
| മേൽക്കൂര കുറഞ്ഞയിനം 10% - 617.05 |
| ആകെ ഇളവ് - 1234.1 |
| <u>വർദ്ധനവ്</u> |
| 5മീറ്ററിൽ കൂടുതലുള്ള വഴി 20% - 1234.1 |
| നിർണ്ണയിക്കേണ്ട വസ്തു നികുതി - 6171+ 309 |
| നികുതിയിൽ കുറവ് - 2221 + 111 |

തെറ്റായി നികുതി നിർണ്ണയിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ നികുതി നിർണ്ണയം കാരണം ഓഡിറ്റ് വർഷത്തിൽ

കുറവ് വന്ന 2705 + 134 രൂപ (484 +23 +2221+111) ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 വസ്തുനികുതി നിർണ്ണയം - നിർമ്മാണം പൂർത്തീകരിച്ച അർദ്ധവർഷം മുതൽ നികുതി ഈടാക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ നമ്പർ നൽകി നികുതി നിർണ്ണയിച്ച പല കെട്ടിടങ്ങൾക്കും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അർദ്ധവർഷം മുതൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണ ങ്ങൾ ചുവടെ കൊടുക്കുന്നു,

1. ഫയൽ നമ്പർ: എ3-2389

ശ്രീ. നൗഫൽ, കൊല്ലരുകണ്ടിയിൽ എന്നയാൾ നിർമ്മാണം പൂർത്തീകരിച്ച തന്റെ കെട്ടിടത്തിന് നമ്പർ നൽകാനായി അപേക്ഷിച്ചതിൽ തന്റെ നിർമ്മാണം 10.1.20ന് പൂർത്തീകരിച്ചതിന്റെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്(ബിൽഡിംഗ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയ പൂർത്തീകരണ പത്രം). അപേക്ഷ ലഭിച്ചത് 2020-21ആദ്യ അർദ്ധവർഷത്തിലാണെങ്കിലും, പ്രവൃത്തി പൂർത്തീകരിച്ച 2019-20 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിശ്ചയിക്കേണ്ടതായിരുന്നു. എന്നാൽ 2020-21 ഒന്നാം അർദ്ധവർഷം മുതലാണ് നികുതി കണക്കാക്കിയത്.

2. ഫയൽ നമ്പർ: എ3-6720/19

ശ്രീമതി.അനില, കരിപ്പിടിപൊയിൽ എന്നവർ നിർമ്മിച്ച പാർപ്പിട കെട്ടിടത്തിന് നമ്പർ ഇടാനുള്ള അപേക്ഷ 16.12.19ന് പഞ്ചായത്തിൽ ലഭിച്ചു. ആയത് 1.1.20 ന് പരിശോധനയ്ക്കായി സാങ്കേതിക വിഭാഗത്തിന് കൈമാറി. എന്നാൽ ആയതിന്റെ റിപ്പോർട്ട് 28.7.20 നാണ് ഓവർസിയർ സമർപ്പിച്ചത്. തുടർന്ന് നമ്പർ നൽകി നികുതി ചുമത്തി. 2019-20 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിശ്ചയിക്കേണ്ടതിന് പകരം 2020-21 ഒന്നാം അർദ്ധവർഷം മുതലാണ് നികുതി കണക്കാക്കിയത്.

അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസത്തിനും, മേൽ അപാകതയ്ക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. 2019-20 അർദ്ധവർഷത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കണക്കാക്കി ഒടുക്ക് വിവരം അറിയിക്കേണ്ടതാണ്. (ആദ്യ ഫയലിൽ നികുതി നിർണ്ണയിച്ചത് തെറ്റായിട്ടാണെന്നത് സംബന്ധിച്ച ഖണ്ഡിക 1-14(1)ൽ ശ്രദ്ധയിൽപ്പെടുത്തുന്നു.)

1-16 അനധികൃത നിർമ്മാണം - കേസിന്റെ തുടർനടപടികളുടെ വിവരം ലഭ്യമല്ല

പഞ്ചായത്തിലെ വാർഡ് 15 ൽ പന്നൂർ അങ്ങാടിയിൽ പ്രവർത്തിച്ചു വരുന്ന കെയർ സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനം അനധികൃതമായി നിർമ്മാണം (കൂട്ടിച്ചേർക്കലുകൾ) നടത്തിയതു സംബന്ധിച്ച് പരാതി ലഭിക്കുകയും, ആയതിന്മേൽ പരിശോധന നടത്തി നിർമ്മാണം അനധികൃതമാണെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് നിർമ്മാണം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും, ഉടമയായ ശ്രീ.മുഹമ്മദ് ഹനീഫ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിൽ അപ്പീൽ നൽകി(നം.310/2021) പഞ്ചായത്ത് നൽകിയ നോട്ടീസിന് 28.06.2021ന് സ്റ്റേ സമ്പാദിച്ചു. 19.07.21 ന് ഈ ഹർജിയിന്മേൽ വിചാരണ വച്ചിരിക്കുന്നതായി അറിയിച്ച് സെക്രട്ടറിയ്ക്ക് നോട്ടീസ് ലഭിച്ചിട്ടുണ്ട്. തുടർന്ന് 7.7.21ലെ എ3-3441/2021 നമ്പർ കത്തു മുഖേന സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി വക്കീലിനെ ചുമതലപ്പെടുത്തി. എന്നാൽ ഓഡിറ്റ് സമയത്ത് ഈ വിഷയത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഈ വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാ ണ്.

1-17 ഭാഗികമായി പൂർത്തീകരിച്ച് നികുതി നിർണ്ണയം ചെയ്ത കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുമ്പോൾ നികുതി പുന:നിർണ്ണയിക്കുന്നില്ല

മുൻവർഷത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും, ഓഡിറ്റ് വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത കെട്ടിടത്തിന്റെ നികുതി ഉപയോഗ ക്രമത്തിന്റെ തരം മാറ്റി നികുതി പുനർനിർണ്ണയിച്ചില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

I. ഫയൽ നമ്പർ : എ3-1812/20

ശ്രീ.മുഹമ്മദ് അലി, പരപ്പാറോൽ, കിഴക്കോത്ത് എന്നയാൾക്ക് ബി.എൽ.145/17-18നമ്പർ പെർമിറ്റ് പ്രകാരം 225.57ച.മീറ്ററിലുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണനുമതി നൽകിയിരുന്നു. 2018ൽ ഈ കെട്ടിടത്തിന്റെ 101.5 ച.മീ. വിസ്തൃതിയിലുള്ള താഴത്തെ നില നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചു നൽകി. ആ സമയം "വാണിജ്യാവശ്യത്തിനുള്ളവ, 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 30രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. പിന്നീട് 2020ൽ 124.05 ച.മീറ്റർ വരുന്ന ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷിച്ചു. ഇതു പ്രകാരം "വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 50 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചു നൽകി. എന്നാൽ ഈ സമയം ആദ്യം പൂർത്തീകരിച്ച ഭാഗത്തിന് ഉയർന്ന നിരക്കിൽ നികുതി പുനഃനിർണ്ണയിച്ചില്ല. പ്രസ്തുത കെട്ടിടം 100 ച.മീറ്ററിനു മുകളിൽ വരുന്ന വാണിജ്യ കെട്ടിടമായതിനാൽ ആദ്യം നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിനും കൂടി കൂടിയ നിരക്കിലുള്ള നികുതി ബാധകമാക്കേണ്ടതാണ്.

II. ഫയൽ നമ്പർ : എ3-5738/19

മേൽ ഫയൽ പ്രകാരം ശ്രീ.അബ്ദുൾ മജീദ്, കുത്തുകല്ലുങ്കൽ എന്നവർ പൂർത്തീകരിച്ച റസിഡെൻഷ്യൽ ഫ്ലാറ്റുകൾക്ക് നമ്പർ നൽകി ലോഡ്ജ് ഗണത്തിൽ ഉൾപ്പെടുത്തി 20രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ട്. പുതുതായി നൽകിയ നമ്പറുകൾ 1/629 F, G, H, I, J എന്നിവയാണ്. ഇദ്ദേഹത്തിന്റെ ഇതേ കെട്ടിടത്തിൽ 2018 ൽ ഭാഗികമായി പൂർത്തീകരിച്ച ഇതേ ഉപയോഗക്രമത്തിലുള്ള ഭാഗങ്ങൾക്ക് A മുതൽ E വരെയുള്ള നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ഈ നമ്പറുകൾക്ക് പാർപ്പിടം എന്ന ഗണത്തിന്റെ 4 രൂപ നിരക്കിലുള്ള നികുതിയാണ് നിശ്ചയിച്ചിട്ടുള്ളത്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇത്തരത്തിൽ വാടകയ്ക്ക് നൽകുന്നതിനായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളെ ലോഡ്ജ് ഗണത്തിൽ ഉൾപ്പെടുത്തി ഉയർന്ന നിരക്ക് ബാധകമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെടുത്തിയിരുന്നു. ഈ ഗണത്തിൽ പെടുന്ന മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനനിർണ്ണയിക്കാനും ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. മേൽ കെട്ടിടത്തിൽ നിലവിൽ രണ്ടു വിധമുള്ള നികുതി നിരക്കാണ് ബാധകമാക്കിയിട്ടുള്ളത്. ആയത് പരിഹരിച്ച് ആദ്യം നിശ്ചയിച്ച നികുതി പുനനിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ മേൽ വിവരിച്ച രീതിയിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച ശ്രീമതി.റാബിയ, റൈഹാനത്ത്, അസ്മ എന്നിവരുടെ ഉടമസ്ഥതയിലുള്ള യഥാക്രമം 40.369, 14.114, 23.072, 18.755 ച.മീറ്റർ വിസ്തൃതിയുള്ള 6/57D, E, F, G എന്നീ മുറികൾക്ക് (ആകെ 96.31ച.മീ) "വാണിജ്യാവശ്യത്തിനുള്ളവ, 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചു നൽകിയിരിക്കുന്നത്. ഇത്തരത്തിൽ നികുതി നിർണ്ണയിച്ച് ഉടമസ്ഥനെ അറിയിക്കുമ്പോൾ ഭാവിയിൽ നിർമ്മാണം പൂർത്തീകരിക്കു മ്പോൾ നികുതി പുനഃനിർണ്ണയിക്കുമെന്ന വ്യവസ്ഥ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഈ വിഷയത്തിലും മുകളിൽ കാണിച്ച അവസ്ഥയുണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-18 അങ്കണവാടികളിലേക്ക് കുടിവെള്ളം - പ്രവൃത്തി വാട്ടർ അതോറിറ്റി പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ മിനുട്ട്സ് 29.06.2020 ലെ ഒന്നാം നമ്പർ പ്രകാരം (അങ്കണ നമ്പർ 13) പ്രോജക്ട് നമ്പർ 22/19 പ്രകാരം അങ്കണവാടിയ്ക്ക് കുടിവെള്ളത്തിനായി കേരള വാട്ടർ

അതോറിറ്റിയ്ക്ക് തുക നിക്ഷേപിച്ചെങ്കിലും അത് പൂർത്തിയാവാത്തതിനാൽ, ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി കത്തയക്കാൻ തീരുമാനിച്ചു. തുടർന്ന് സെക്രട്ടറി നടപ്പാക്കിയ ഈ ഫയൽ പരിശോധിച്ചതിൽ 2018-19 വർഷം ഇതിനായി പദ്ധതി രൂപീകരിക്കുകയും 295000 രൂപ വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് ബാങ്കിന്റെ കണ്ണൂർ റോഡ് ബ്രാഞ്ച് കോഴിക്കോടിലെ അക്കൗണ്ട് നമ്പർ 67144298448 ൽ നിക്ഷേപിച്ചു. 11.02.2019 ലെ ഇഇ/കെ.കെ.ഡി/എ4-4788/2019 നമ്പർ കത്തിലൂടെ പദ്ധതി പൂർത്തീകരിച്ചില്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. അന്വേഷണത്തിൽ ഇപ്പോഴും പദ്ധതി പൂർത്തിയായിട്ടില്ല. അത് എത്രയും പെട്ടെന്ന് നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 സുഫലം വിഷ രഹിത ഫലം പദ്ധതിയിൽ ഫല വൃക്ഷ കിറ്റുകൾക്ക് അധിക നിരക്ക് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 1533000

ചെലവ് - 1533000

ബിൽ നമ്പർ - 194394-923471/6.03.2021-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

- 1305606 -01360,701416,954421 ,17915/18.11.20 +163231/6.3.21(വികസന ഫണ്ട് ജനറൽ)

33000-29622/6.3.21-(ജില്ലാ പഞ്ചായത്ത് )

6000 ഫലവൃക്ഷ തൈ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഒരു കിറ്റിന് 255.5 രൂപ വില കണക്കാക്കിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയിൽ 4990 കിറ്റുകൾ കൊടിയത്തൂർ അഗ്രോ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട് . ബിൽ പ്രകാരം കിറ്റ് ഒന്നിന് 300 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് വിഭാവനം ചെയ്തതിൽ കവിഞ്ഞ് കിറ്റ് ഒന്നിന് 44.5 രൂപ (300-255.5) ഇതു പ്രകാരം ഈ പദ്ധതിയ്ക്ക് 222055 (44.5X4990) അധികമായി ചെലവഴിക്കാനി ടയായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/20-21 13.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എയറോബിക് യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല-നിഷ്ക്രിയ ആസ്തിയായി മാറി

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ബസ്സ് സ്റ്റാൻഡ് എയറോബിക് യൂണിറ്റ് നിർമ്മാണം |
| പ്രൊജക്ട് നമ്പർ | 195/2020-21 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-260000/- |
| ചെലവ് | ബിൽനം. 109/29.09.2020-252000/- |
| എം.ബുക്ക് നമ്പർ | 747,748 |
| കരാറുകാരൻ | റിതു എം.വി |
| കരാർ നമ്പർ | 73/18.03.2020 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | എം.ജെ.എച്ച്.എസ് എയറോബിക് യൂണിറ്റ് നിർമ്മാണം |
| പ്രൊജക്ട് നമ്പർ | 191/2020-21 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-208500/- |
| ചെലവ് | ബിൽനം. 111/29.09.2020-160000/- |
| എം.ബുക്ക് നമ്പർ | 779 |
| കരാറുകാരൻ | റിതു എം.വി |
| | |

| | |
|---|---|
| കരാർ നമ്പർ | 72/18.03.2020 |

3)

| | |
|---|---|
| പദ്ധതിയുടെ പേര് | എയറോബിക് യൂണിറ്റ് നിർമ്മാണം പി.എച്ച്.സി |
| പ്രൊജക്ട് നമ്പർ | 190/2020-21 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-208500/- |
| ചെലവ് | ബിൽനം. 112/29.09.2020-160000/- |
| എം.ബുക്ക് നമ്പർ | 777,743 |
| കരാറുകാരൻ | റിജു എം.വി |
| കരാർ നമ്പർ | 69/18.03.2020 |

എയറോബിക് യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രൊജക്ട് നം.190/2020-21 – ൽ പി.എച്ച്.സി-യിൽ നിർമ്മിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലായെന്നും കാട് മൂടി കിടക്കുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറോടൊപ്പം 13.09.2021-ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. അതിന്റെ നിലത്ത് സിമെന്റ് ടൈൽ ആണ് ഇട്ടിരിക്കുന്നത്. എന്നാൽ അളവു പുസ്തകത്തിൽ (നം. 777പേജ് 11) ഇനം നം.14 ആയി കാണിച്ചിരിക്കുന്നത് 300x300 എം.എം കനമുള്ള സെറാമിക് ഗ്ലെസ്ഡ് ടൈൽ 15.295 M2 അളവിൽ നിലത്ത് വിരിച്ചതായാണ് രേഖപ്പെടുത്തി 980.2രൂപ നിരക്കിൽ 14992.15 /- രൂപ നൽകിയിട്ടുണ്ട്.

2) പ്രൊജക്ട് നം.195/2020-21 – ൽ എളേറ്റിൽ വട്ടോളി ബസ്സ് സ്റ്റാൻഡിൽ നിർമ്മിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലായെന്നും അതിന്റെ ഉള്ളിൽ വാഴ കന്നുകൾ കൂട്ടിയിട്ടിരിക്കുന്നതായും 13.09.2021-ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു . അതിന്റെ നിലത്ത് സിമെന്റ് ടൈൽ ആണ് ഇട്ടിരിക്കുന്നത്. എന്നാൽ അളവു പുസ്തകത്തിൽ (നം. 748പേജ് 11)ഇനം നം.13 ആയി കാണിച്ചിരിക്കുന്നത് 300x300 എം.എം കനമുള്ള സെറാമിക് ഗ്ലെസ്ഡ് ടൈൽ 12.775m2 അളവിൽ നിലത്ത് വിരിച്ചതായാണ് രേഖപ്പെടുത്തി 980.2രൂപ നിരക്കിൽ 12522.05 /-രൂപ നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു

1) തൻവർഷം എയറോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് നാല് പദ്ധതികൾ സ്പിൽ ഓവർ ആയി രൂപീകരിച്ചതിൽ തൻവർഷം നടപ്പിലാക്കിയ മൂന്ന് പദ്ധതികളും ക്വട്ടേഷൻ മുഖേന ശ്രീ.റിജു എം.വി എന്ന വ്യക്തിക്കാണ് നൽകിയത്. ഈ നാല് പദ്ധതികളും വേവ്വേറെ ടെണ്ടർ വിളിച്ചുവെങ്കിലും ആരും മുന്നോട്ട് വരാത്തതിനാലാണ് ക്വട്ടേഷൻ നടപടി സ്വീകരിച്ചത്. ഒരേ സ്വഭാവമുള്ള ഈ പ്രവൃത്തിക്ക് ഒരു പദ്ധതിയായി കണക്കാക്കി ഒറ്റ ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ കൂടുതൽ മികച്ച ടെണ്ടർ ലഭിക്കുമായിരുന്നു. കൂടാതെ സേവന നികുതിയിനത്തിൽ സർക്കാറിന് വരുമാനവും ലഭിക്കുമായിരുന്നു. ഈ പ്രവൃത്തിക്കായി ശുചിത്വമിഷൻ കോഴിക്കോട് ജില്ലയിലെ സർവ്വീസ് പ്രൊവൈഡർമാരായി റാം ബയോളജിക്കൽസ്, യൂണിവേഴ്സൽ ബയോഗ്യാസ്സ് എന്നീ സ്ഥാപനങ്ങളുടെ നിശ്ചയിച്ചിട്ടുണ്ടെങ്കി ലും അവരുടെ സേവനം തേടുകയും ചെയ്തിട്ടില്ല.

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എയറോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പരിപാലിക്കുന്നതിനും ഹരിത കർമ്മസേന വഴി നടപടി സ്വീകരിക്കേണ്ടതാണെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചില്ല

3) എം.ജെ.എച്ച്.എസ്.എസ്-ൽ സ്ഥാപിച്ച എയറോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും പരിപാലിക്കുന്നതിനും സ്കൂൾ അധികൃതരുമായി കരാറിലേർപ്പെടേ ണ്ടതും, അത് അവിടെ സ്ഥാപിക്കുന്നതിന് അവരിൽ നിന്ന് സമ്മതപത്രവും വാങ്ങേണ്ടതാണ്. ആയത്

ലഭ്യമായതായി ഫയലിൽ കാണുന്നില്ല. ഈ കമ്പോസ്റ്റ് യൂണിറ്റിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം.25/2020-21/14.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിൽ സൃഷ്ടിച്ച ആസ്തി നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുക യാണ്. ജൈവമാലിന്യസംസ്കരണത്തിനായി അവ യഥാവിധി ഉപയോഗപ്പെടുത്താത്ത പക്ഷം ചെലവഴിച്ച തുക നിരാകരിക്കുന്നതായിരിക്കും. ആസ്തി ശരിയായ രീതിയിൽ ഉപയോഗപ്പെട്ടു ത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. അതുവരെ പദ്ധതിക ൾക്കായി ചെലവഴിച്ച തുക 5,72,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-21 പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം പാതി വഴിയിൽ

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസ് രണ്ടാം നില(119/2020-21) |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-1042560/-<br>തനത് ഫണ്ട്-307440/- |
| ചെലവ് | ബിൽനം. 260/25.02.2021-446556/-<br>ചെക്ക് നമ്പർ. 5908721/22.02.2021 307440/- |
| എം.ബുക്ക് നമ്പർ | 929/21,933/21 |
| കരാറുകാരൻ | വിൽമേഷ്.എം |
| കരാർ നമ്പർ | 24/26.08.2020 |
| പി.എ.സി | 1136725.62/- |
| സാങ്കേതിക അനുമതി | 38911/2020-21/24.06.2020-1350000/-രൂപ |

പുതിയ പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിന് 1350000/- രൂപയാണ് പദ്ധതിയുടെ അടങ്കൽ . രണ്ടാം നിലയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഒഴികെയുള്ള ഇനങ്ങൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1)കെട്ടിട നിർമ്മാണം പാതി വഴിയിൽ

സാങ്കേതിക അനുമതി പ്രകാരം പദ്ധതി പൂർത്തീകരണ കാലയളവ് 8 മാസമാണ്. കരാറുകാരന് 26.08.2020-നാണ് സൈറ്റ് കൈമാറിയത്. ആയത് പ്രകാരം 25.04.2021-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നിലവിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിടത്തിന് വാതിൽ, ജനലുകൾ, ഗ്രിൽ, കോണിപ്പടിക്ക് കൈവരി, ടോയ് ലറ്റിന് വാതിൽ, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും നടത്തിയിട്ടില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത തിന് കരാറുകാരനിൽ നിന്നും പിഴ ഇടാക്കേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) കാലാവധി നീട്ടികിട്ടുന്നതിന് നിയമാനുസൃത അപേക്ഷ നൽകിയില്ല

പ്രവൃത്തി കാലാവധി നീട്ടികിട്ടുന്നതിന് കരാറുകാരൻ തിയതി വെയ്ക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കത്ത് നൽകിയതായി ഫയലിൽ കാണുന്നു. അത് പഞ്ചായത്തിൽ ലഭിച്ചതിന് തപാൽ നമ്പറോ, തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരൻ യഥാസമയം അപേക്ഷ നൽകിയിട്ടില്ലായെന്നാണ് മനസ്സിലാകുന്നത്. കൂടാതെ കരാർ കാലാവധി നീട്ടികൊണ്ടു

പോകുന്നതിനായുള്ള ഉപകരാറിൽ (മുദ്രപത്രം കരാറുകാരന് ഇഷ്യൂ ചെയ്ത തീയതി 28.05.2021 ആണ്) നിർവ്വഹണ ഉദ്യോഗസ്ഥ ഒപ്പുവെച്ചിട്ടുമില്ല. അതിനാൽ അതിന് നിയമപ്രാബല്യവുമില്ല.

3) രണ്ടാം നിലയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുൾപ്പെടെയുള്ള മുഴുവൻ ഇനങ്ങൾക്കും വേണ്ടി പദ്ധതി തയ്യാറാക്കിയില്ല.

4) പദ്ധതി യഥാസമയം പൂർത്തീകരിക്കാത്തിനാൽ ധനകാര്യ കമ്മീഷൻ അവാർഡ് 596004/-രൂപ ലാപ്സായി.

5) റീടെഷൻ തുക പിടിക്കാതെ തുക നൽകി

എസ്റ്റിമേറ്റ് പ്രകാരമുള്ള 17 ഇനങ്ങളിൽ 6 ഇനങ്ങളെ ( സ്ട്രക്ച്ചർ പ്രവൃത്തി വരെ) അളവ് പുസ്തക ത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിന്റെ പ്രവൃത്തി മൂല്യം 673210.94/-രൂപയാണ്. ഭാഗികമായേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളൂവെങ്കിലും ഇതുവരെയുള്ള പ്രവൃത്തി മൂല്യത്തിന് 10% റീടെഷൻ തുക ഈടാക്കാതെയാണ് തുക അനുവദിച്ചത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണകുറിപ്പ് നം.29/2020-21/14.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴ ഇടാക്കേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. റിട്ടെൻഷൻ ഇനത്തിൽ ഈടാക്കാൻ വിട്ടുപോയ തുക 67321/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. അതുവരെ പദ്ധതിക്കായി ചെലവഴിച്ച തുക 753996/- തടസ്സത്തിൽ വയ്ക്കുന്നു

## 1-22 റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

സ്കൂളുകളിലും അങ്കണവാടികളിലും വീടുകളിലും റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി തൻവർഷം സ്പിൽ ഓവറായി മൂന്നു പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|
| 182/20-21 സ്കൂളുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 4000 ബിൽ 18/29.01.21 | 8 എണ്ണം സ്ഥാപിക്കുന്നതിന് 500 രൂപ വീതം മുൻകൂർ നൽകി |
| 183/20-21 അങ്കണവാടികളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 14500 ബിൽ 17/29.01.21 | 29 എണ്ണം സ്ഥാപിക്കുന്നതിന് 500 രൂപ വീതം മുൻകൂർ നൽകി |
| 186/20-21 വീടുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 35000 ബിൽ 27/4.01.21 | 70എണ്ണം സ്ഥാപിക്കുന്നതിന് 500രൂപ വീതം മുൻകൂർ നൽകി 70 ഗുണഭോക്താക്കളിൽനിന്ന് 250 രൂപ വീതം ഗുണഭോക്തൃ വിഹിതം വാങ്ങി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. |
| ആകെ | 53500 | |

മൂന്ന പദ്ധതികളിലായി 107 റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ കേരള (SEUF) എന്ന സ്ഥാപനത്തിനാണ് 53500 രൂപ മുൻകൂർ നൽകിയിട്ടുള്ളത് . സ്ഥാപനവുമായി 13.02.2020 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട് കരാർപ്രകാരം അഡ്വാൻസ് കിട്ടി 6 മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് അഡ്വാൻസ് തുക കൈമാറുന്നതിനും കാലതാമസമുണ്ടായിട്ടുണ്ട്. അഡ്വാൻസ് തുക കൈമാറിയിട്ട് ആറ് മാസം കഴിഞ്ഞിട്ടും പദ്ധതി പൂർത്തിയാക്കിയിട്ടില്ല.
അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തികളെല്ലാം സ്പിൽ ഓവറായി നടന്ന വരുന്ന എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-23 അജൈവ മാലിന്യസംസ്കരണം-റീസൈക്ലിംഗ് യൂണിറ്റ് കെട്ടിടം നിർമ്മാണം എങ്ങുമെത്തിയില്ല</u>

1)

| | |
|---|---|
| പദ്ധതിയുടെ പേര് | റീസൈക്ലിംഗ് യൂണിറ്റ് കെട്ടിടം നിർമ്മാണം |
| പ്രൊജക്ട് നമ്പർ | 204/2020-21 |
| അടങ്കൽ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000/-<br>തനത് ഫണ്ട് -850000/- |

പഞ്ചായത്തിലെ അജൈവ മാലിന്യങ്ങളുടെ ശേഖരണം, വേർതിരിക്കൽ എന്നിവയ്ക്കായി 2017-18 ൽ 600000/- രൂപ ധനകാര്യകമ്മീഷൻ അവാർഡും 1250000/- രൂപ ബ്ലോക്ക് വിഹിതവും വകയിരുത്തി റീസൈക്ലിംഗ് യൂണിറ്റ് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊജക്ട് നമ്പർ 113/2017-18 രൂപീകരിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനായി ഈ-ടെണ്ടർ നടപടി ക്രമത്തിലൂടെ പ്രവൃത്തി ശ്രീ.അബ്ദുൾ അസീസ്, ദാറുൽ ഫലാഹിൽ എന്ന കരാറുകാരന് നൽകുകയും അതിലേയ്ക്കായി 12.02.2018- കരാറിലേർപ്പെട്ട്( നമ്പർ-24/18) അന്ന തന്നെ സൈറ്റ് കൈമാറി. ഫയലിൽ സൈറ്റ് പ്ലാൻ , ലോക്കേഷൻ മാപ്പ് എന്നിവ ലഭ്യമല്ല.

നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. പ്രവൃത്തി സുഗമമായി നടത്തുന്നതിന് കളക്ടേറ്റിൽ വച്ച് 07.11.2019 -ന് നടന്ന അദാലത്തിൽ തീരുമാനമായതായതിനാൽ പ്രവർത്തി ഉടൻ തുടങ്ങാൻ സെക്രട്ടറി 14.11.2019-ലെ എ-2- 5765/2019 നിർവ്വഹണ ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചുവെങ്കിലും നാട്ടുകാർ വീണ്ടും എതിർത്തതിനെ തുടർന്ന് പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

നവകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യസംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പുറപ്പെടുവിച്ചു. അജൈവമാലിന്യസംസ്കരണത്തിന് അവയുടെ കൃത്യമായ ശേഖരണവും വേർതിരിക്കലും അനിവാര്യമാണ്. ഇതിലേയ്ക്കായി വിഭാവനം ചെയ്ത റീ സൈക്ലിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണം നടപ്പിലാക്കാത്തത് വീഴ്ചയാണ്. 2017-18 -ൽ 600000/- രൂപ ധനകാര്യകമ്മീഷൻ അവാർഡ് വകയിരുത്തിയെങ്കിലും പൂർത്തിയാക്കാത്തതിനാൽ അത് ലാപ്സാവുകയും തൻ വർഷം പകരമായി തനത് ഫണ്ട് വകയിരുത്തേണ്ടിയും വന്നു. പദ്ധതിക്കായി 07.03.2018-ലഭിച്ച ബ്ലോക്ക് വിഹിതം 1000000/- രൂപ സംയുക്ത പ്രെജക്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി യഥാസമയം നടപ്പിലാക്കിയില്ലെങ്കിൽ ഈ തുക തിരിച്ച നൽകേണ്ടതുണ്ട്. വർഷങ്ങളായി പദ്ധതി രൂപീകരിക്കുക യല്ലാതെ വേറൊരു പുരോഗതിയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ- 30/2020-21/14.09.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വളരെ കാലിക പ്രാധാന്യമുള്ള ഈ പദ്ധതി ഇനിയും കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഉണ്ടാകുമെന്ന് എക്സിറ്റ് മീറ്റിംഗിൽ

പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/ തസ്വഭവ/20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളി ൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥരായി ഇതിനായി ആറ് പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|
| 129/20-21 വീടുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 1500000 | പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 184/20-21 ഹരിതസഹായ സ്ഥാപനങ്ങൾക്ക് സഹായം (സ്പിൽ ഓവർ) | 340000 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഹരിത കേരള മിഷൻ ശുചിത്വം മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ രൂപീ കരിക്കുന്ന ഹരിത സഹായ സ്ഥാപന ങ്ങൾക്ക് നടത്തിപ്പ് ചെലവിന് രൂപീകരിച്ചു. |
| 200/20-21 ഹരിത കർമ്മ സേനയുടെ പ്രവർത്തനം | 350050 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചാ യത്തിനെ സമ്പൂർണ പ്ലാസ്റ്റിക്ക് മാലിന്യ മുക്തമാക്കുന്നതിനാണ് ഈ പദ്ധതി. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന മിനുട്സ് പരിശോധിച്ചതിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 182/20-21 സ്കൂളുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ്(സ്പിൽ ഓവർ) | 20000 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. 8000 രൂപ മുൻകൂർ നൽകുകമാത്രം ചെയ്തു |
| 183/20-21 അങ്കണവാടികളിൽ റിങ്ങ് കമ്പോസ്റ്റ് | 72500 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. 14500 രൂപ മുൻകൂർ നൽകുകമാത്രം ചെയ്തു |

| | | |
|---|---|---|
| യൂണിറ്റ്(സ്പിൽ ഓവർ) | | |
| 186/20-21 വീടുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ്(സ്പിൽ ഓവർ) | 175000 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. 35000 രൂപ മുൻകൂർ നൽകുകമാത്രം ചെയ്തു |

ആവശ്യമായ ഫണ്ടുണ്ടായിട്ടും മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികളെല്ലാം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 പണം നൽകി ഒരു വർഷമായിട്ടും ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പ്രൊജക്റ്റ് നം - 51/21

ചെലവ് - 300000

ബിൽ നമ്പർ - 1/20-21/16.09.2020-റോഡിതര മെയിന്റനൻസ് ഗ്രാന്റ്

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നടപ്പാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പ് ഫാർമസിയ്ക്ക് ആശുപത്രിയു ടെ ആവശ്യകതയ്ക്കനുസരിച്ച് 300000 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ എൽ.എഫ്-2344 നമ്പർ ബിൽ പ്രകാരം 9.02.21 ൽ 134990 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത് . 165010 രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. പണം അടവാക്കി ഒരു വർഷമായിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വിശദീകരണം ലഭ്യാമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/20-21/13.09.21 ) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ അടിയന്തിരമായി പ്രതിരോധ മരുന്നുകളും സാനിട്ടൈസറും വലിയ അളവിൽ ഉൽപ്പാദിപ്പിക്കേണ്ടി വന്നതിനാലാണ് മന്ദഗതിയിലായതെന്നും മരുന്നുകൾ പെട്ടെന്ന തന്നെ വിതരണം ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 165010 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-26 പി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ-എസ്റ്റിമേറ്റിലില്ലാത്ത പ്രവർത്തി നടത്തി അധിക തുക നൽകി.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ പ്രവർത്തി |
| പ്രൊജക്ട് നമ്പർ | 81/2020-21 |
| അടങ്കൽ | സംരക്ഷണഗ്രാന്റ് 729290/- |
| ചെലവ് | ബിൽനം. 89/ 20.08.2020 -729290/- |
| എം.ബുക്ക് നമ്പർ | 778,742,744 |
| കരാറുകാരൻ | റിജു എം.വി |
| കരാർ നമ്പർ | 16/27.07.2020 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി-യിൽ ആർദ്രം പദ്ധതിക്കാവശ്യമായ ഭൗതിക സാഹചര്യം തയ്യാറാക്കൽ |
| പ്രൊജക്ട് നമ്പർ | 159/2020-21 |
| അടങ്കൽ | സംരക്ഷണഗ്രാന്റ് (റോഡിതരം) 184093/-<br>ധനകാര്യകമ്മീഷൻ അവാർഡ്-15907/-<br>ആകെ -200000/- |
| ചെലവ് | ബിൽനം.87 / 20.08.2020 -184093/-<br>ബിൽ നം.88/20.08.2020-15907/- |
| എം.ബുക്ക് നമ്പർ | 736 |
| കരാറുകാരൻ | റിജു എം.വി |
| കരാർ നമ്പർ | 16/27.07.2020 |

പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1)എസ്റ്റിമേറ്റിലില്ലാത്ത പ്രവൃത്തി നടത്തി

ഒന്നാമത്തെ പദ്ധതിയിൽ പി.എച്ച്.സി-യിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി 10,0000/- രൂപയുടെ പ്രവൃത്തികൾക്കാണ് സാങ്കേതിക അനുമതി ലഭിച്ചത്(ടി.എസ് നം. എൽ.എസ്.ജി.ഡി/ടി.എസ്-2020-21/ 36950 തീയതി 18.06.2020). ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 18 ാം ഇനം ജി.ഐ പൈപ്പ് ഉപയോഗിച്ച് ചുറ്റുമതിലിന് കൈവരി സ്ഥാപിക്കലാണ്( കോഡ് 10.26.3). അളവ് പുസ്തകത്തിലും (നം.742 പേജ്.4) ജി.ഐ പൈപ്പ് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

രണ്ടാമത്തെ പദ്ധതിയിൽ വാഹന പാർക്കിംഗ് ഷെഡ്, ചുറ്റുമതിലിന് കൈവരി സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി 20,0000/- രൂപയുടെ പ്രവൃത്തികൾക്കാണ് സാങ്കേതിക അനുമതി ലഭിച്ചത്(ടി.എസ് നം. എൽ.എസ്.ജി.ഡി/ടി.എസ്- 2020-21 /3953തീയതി 15.01.2020).

എന്നാൽ മേൽ രണ്ട് പദ്ധതികളിലായി പി.എച്ച്.സി-യിലെ ചുറ്റുമതിലിന്റെ മുകളിൽ നിർമ്മിച്ച കൈവരി എം.എസ് സ്റ്റീലു കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം 13.09.2021-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.

അധികമായി നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

എ)പ്രൊജക്ട് നം.81/2020-21

ഡി.എസ്.ആർ പ്രകാരം മീഡിയം സ്റ്റീൽ ട്യൂബിന്റെ അടിസ്ഥാന നിരക്ക് 92/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 120.57 രൂപ/കിഗ്രാം ആണ്. ( കരാറുകാരൻ ഈയിനത്തിന് ക്വോട്ട് ചെയ്തത് 16.28 % കുറവ് കണക്കിലെടുക്കുമ്പോൾ നിരക്ക് 100.94/ കിഗ്രാം ആണ് )

ഡി.എസ്.ആർ പ്രകാരം ജി.ഐ പൈപ്പിന്റെ അടിസ്ഥാന നിരക്ക് 100.25/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 131.39രൂപ/ / കിഗ്രാം ആണ്. ഈ ഇനത്തിന് കരാറുകാരൻ കി.ഗ്രാമിന് 110/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത് (16.28 % കുറവ് ).

അളവു പുസ്തകം പ്രകാരം(ഇനം-18) പ്രവൃത്തിയുടെ മൂല്യം=314.5x110=34595/- രൂപ.

യഥാർത്ഥത്തിൽ അർഹമായ പ്രവൃത്തിയുടെ മൂല്യം= 314.5x100.94=31746/- രൂപ

അധികം നൽകിയ തുക =2849/- രൂപ

ബി) പ്രൊജക്റ്റ് നം.159/2020-21

ഡി.എസ്.ആർ പ്രകാരം മീഡിയം സ്റ്റീൽ ട്യൂബിന്റെ അടിസ്ഥാന നിരക്ക് 92/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 120.57 രൂപ / കിഗ്രാം ആണ്. എക്സ്ട്രാ ഇനമായാണ് ഈ പ്രവൃത്തി നടത്തിയത്.

ഡി.എസ്.ആർ പ്രകാരം ജി.ഐ പൈപ്പിന്റെ അടിസ്ഥാന നിരക്ക് 100.25/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 131.39രൂപ/ / കിഗ്രാം ആണ്.

അളവു പുസ്തകം പ്രകാരം(ഇനം- എക്സ്ട്രാ ഇനം-2)പ്രവൃത്തിയുടെ മൂല്യം=717.74x110=94303.85/- രൂപ.

യഥാർത്ഥത്തിൽ അർഹമായ പ്രവർത്തിയുടെ മൂല്യം= 717.74x100.25=71953.43/- രൂപ

അധികം നൽകിയ തുക =22350/- രൂപ

2) അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലും കൂടിയ അളവിന് തുക നൽകി

ഒന്നാമത്തെ പദ്ധയിൽ അളവ് പുസ്തകം പേജ് നം. 8 പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നിറക്കുന്ന ( എസ്റ്റിമേറ്റിലെ 13 ാംമത്തെ ഇനം-കോഡ് 50.2.25.1) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 20.549 ക്യൂബിക് മീറ്ററാണ്. കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് 342 രൂപ/ ക്യൂബിക് മീറ്ററാണ്.എന്നാൽ 23.73 ക്യൂബിക് മീറ്ററിനാണ് തുക അനുവദിച്ചിട്ടുള്ളത്.

കരാറുകാരന് അധികം നൽകിയ തുക=3.181x342=1088/- രൂപ തിരികെ അടവാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം.26/2020-21/14.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച പ്രകാരം കരാറുകാരന് അധികം നൽകിയ തുക 23438/- രൂപ സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പൊതു അപാകതകൾ

1) ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2014 വരെയുള്ള വിവരങ്ങളെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

2) സ്റ്റാറ്റസ് റിപ്പോർട്ടും കാലികമാക്കിയില്ല. 2019-20 വരെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്.

3) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

4)തൻവർഷം 87പദ്ധതികൾക്ക് തുക വകയിരുത്തിയതിൽ 83 പദ്ധതികളാണ് നടപ്പിലാക്കി യത്. നടപ്പിലാക്കാത്തതിൽ രണ്ട് സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. തൻവർഷം വിവിധ പദ്ധതികൾക്കായി 29289302/- രൂപ വകയിരുത്തിയതിൽ 2440594/- രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ചെലവ് ശതമാനം-83 %. തനത് ഫണ്ട് 2550669/-രൂപ വകയിരുത്തിയെങ്കിലും വലിയ തുക വകയിരുത്തിയ രണ്ട് പദ്ധതികൾ (മാക്കൂട്ടം കായൽ റോഡ്പ്രവൃത്തിയും റിസൈക്ലിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണവും ) നടപ്പിലാക്കാത്തതിനാൽ ചെലവ് 12,19,770/-രൂപ മാത്രമാണ്(48%). ഇതു പോലെ ധനകാര്യകമ്മീഷൻ അവാർഡും കാര്യക്ഷമമായി ഉപയോഗിച്ചില്ല. 10197968/- രൂപ വകയിരുത്തിയതിൽ 9130087/- രൂപയെ ചെലവഴിച്ചുള്ളൂ.

5) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. മോണിറ്ററിംഗ് നടത്തുന്നില്ല.

വികസന കാര്യസ്ഥിരം സമിതി എല്ലാ മാസവും യോഗം ചേർന്ന് പദ്ധതി പ്രവർത്തനം വിലയിരുത്തുന്നില്ല. ലക്ഷകണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച എയറോബിക് യൂണിറ്റുകൾ ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി മാറിയതും പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം പാതി വഴിയിൽ നിൽക്കുന്നതും അതിനുള്ള ഉദാഹരണങ്ങളാണ്.

6) സംയുക്തപദ്ധതിയായ റീസൈക്ലിംഗ് കെട്ടിടനിർമ്മാണത്തിന് 2017-18 -ലഭിച്ച 1000000/- രൂപ ബ്ലോക്ക് വിഹിതം നിലവിലും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

7) ഇലക്ട്രിക്കൽ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഉദാ. പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം.(പ്രൊജക്ട് നം.119/20-21)

8) പ്രവൃത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നു. ഉദാ. പഞ്ചായത്ത് ഓഫീസ് നവീകരണം പദ്ധതി(പ്രൊജക്ട് നം.160/20-21)

സ്റ്റാറ്റസ് റിപ്പോർട്ട്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കേണ്ടതും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കേണ്ടതും കൃത്യമായ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും അത്യാവശ്യ മായ അടിസ്ഥാന രേഖകളാണ്. വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യസ്ഥിരം സമിതി എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-28 പച്ചക്കറി വികസനം എസ്.സി വനിതാ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ
അടങ്കൽ - 200000
ചെലവ് -200000
ബിൽ നമ്പർ -(വികസന ഫണ്ട് എസ്.സി.പി)

എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പച്ചക്കറി വികസനത്തിനായി പച്ചക്കറി തൈകൾ ജൈവ കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടു ള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

29.04.2020 ലെ സ.ഉ (സാധാ ) 794/20/തസ്വഭവ ഉത്തരവിലെ നിർദ്ദേശാനുസരണം കോവിഡ് കാലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് കാർഷിക മേഖലയിലെ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി നിർവ്വഹണ ഉദ്യേഗസ്ഥൻ അടങ്ങുന്ന കമ്മറ്റി തയ്യാറാക്കി ഭരണ സമിതി അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നാണ് പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടത് . എന്നാൽ ഒരോ വാർഡിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണം ഗുണ ഭോക്താക്കളുടെ എണ്ണം | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ അംഗങ്ങളുടെ എണ്ണം | ലിസ്റ്റിൽ ഇല്ലാത്ത ആനുകൂല്യം കൈപ്പറ്റിയ |
|---|---|---|---|

| | | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 32 | 3 | 29 |
| 2 | 30 | 74 | 0 |
| 3 | 30 | 11 | 19 |
| 4 | 7 | ലിസ്റ്റ് ഇല്ല | 7 |
| 5 | 4 | ലിസ്റ്റ് ഇല്ല | 4 |
| 6 | 10 | ലിസ്റ്റ് ഇല്ല | 10 |
| 7 | 9 | 7 | 2 |
| 8 | 25 | 6 | 19 |
| 9 | 11 | ലിസ്റ്റ് ഇല്ല | 11 |
| 10 | 26 | ലിസ്റ്റ് ഇല്ല | 26 |
| 11 | 6 | 2 | 4 |
| 12 | 40 | 3 | 37 |
| 13 | 80 | ലിസ്റ്റ് ഇല്ല | 80 |
| 14 | 20 | 35 | 0 |
| 15 | 5 | ലിസ്റ്റ് ഇല്ല | 5 |
| 16 | 12 | 6 | 6 |
| 17 | 18 | ലിസ്റ്റ് ഇല്ല | 18 |
| 18 | 32 | ലിസ്റ്റ് ഇല്ല | 32 |

2) വനിതാ പച്ചക്കറി കൃഷി വികസനം ആണെങ്കിലും ഈ പദ്ധതിയിൽ പുരുഷന്മാരായ ചില ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു.
ചില ഉദാഹരണങ്ങൾ
വാർഡ് 18 –ശ്രീ.ശ്രീധരൻ ,ശ്രീ.ഭാസ്കരൻ,ശ്രീ.ബാലൻ

വാർഡ്2-. പ്രഭാകരൻ ,ശ്രീ.രാജേഷ്,ശ്രീ.വിജേഷ്,ശ്രീ.മഹേഷ്, ശ്രീ.ശശി, ശ്രീ.സോമൻ, ശ്രീ.പ്രഭാഷ്, ശ്രീ.രാജൻ

വാർഡ് 11- ശ്രീ.ചാത്തുക്കുട്ടി ശ്രീ.സുരേന്ദ്രൻ, ശ്രീ.ശ്രീജിത്ത്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/20-21/ 13.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേ ണ്ടതുമാണ്.

1-29 കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ.56/20-21

ചെലവ് -312500 (വികസന ഫണ്ട് )

ബിൽ നമ്പർ,തിയ്യതി 01/16.02.2021

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 312500 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 25 ഗുണഭോക്താക്കൾ ക്കുള്ള പഞ്ചായത്ത് വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ 12500 രൂപ വീതം 312500 രൂപ മൃഗസംരക്ഷണ വകുപ്പിന് (അസിസ്റ്റന്റ് ഡയറക്ടർ കാഫ്ഫീഡ് സബ്സിഡി സ്കീം) അനുവദിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 24/20-21 14.09.21 യ്ക്ക് മറുപടിലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 സുഫലം വിഷ രഹിത ഫലം പദ്ധതിയിൽ ഫല വൃക്ഷ കിറ്റുകൾ വിതരണം ചെയ്തതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 1533000

ചെലവ് - 1533000

ബിൽ നമ്പർ -194394-923471/6.03.2021-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

- 1305606 -01360,701416,954421 ,17915 /18.11.20 +163231/6.3.21 (വികസന ഫണ്ട് ജനറൽ)

33000–29622/6.3.21-(ജില്ലാ പഞ്ചായത്ത് )

6000 ഫലവൃക്ഷ തൈ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ 4990 കിറ്റുകൾ കൊടിയത്തൂർ അഗ്രോ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട് . ബിൽ പ്രകാരം കിറ്റ് ഒന്നിന് 300 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ 4990 ഫല വൃക്ഷ കിറ്റുകളിൽ 4778 എണ്ണം കിറ്റുകൾ മാത്രമാണ് വിവിധ വാർഡുകളിൽ വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണം ചെയ്ത കിറ്റുകൾ | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ അംഗങ്ങളുടെ എണ്ണം | ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 210 | 79 | 131 |
| 2 | 301 | 293 | 8 |
| 3 | 301 | 294 | 7 |
| 4 | 275 | ലിസ്റ്റ് ഇല്ല | 275 |

| | | | |
|---|---|---|---|
| 5 | 389 | 370 | 19 |
| 6 | 445 | 434 | 11 |
| 7 | 203 | 186 | 17 |
| 8 | 215 | 215 | 0 |
| 9 | 292 | 279 | 13 |
| 10 | 240 | 240 | 0 |
| 11 | 228 | 227 | 1 |
| 12 | 318 | 312 | 6 |
| 13 | 196 | 196 | 0 |
| 14 | 197 | 194 | 3 |
| 15 | 224 | 88 | 136 |
| 16 | 303 | 286 | 17 |
| 17 | 210 | 209 | 1 |
| 18 | 231 | 131 | 100 |
| | 4778 | | 745 |

29.04.2020 ലെ സ.ഉ (സാധാ ) 794/20/തസ്വഭവ ഉത്തരവിലെ നിർദ്ദേശാനുസരണം കോവിഡ് കാലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് കാർഷിക മേഖലയിലെ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി നിർവ്വഹണ ഉദ്യേഗസ്ഥൻ അടങ്ങുന്ന കമ്മറ്റി തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നാണ് പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് . ലിസ്റ്റിൽ ഉള്ളതിലും 745 അധികം ഗുണഭോക്താക്കൾക്ക് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/ 20-21 13.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാ ണ്.

<u>1-31 എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 12/20-21

അടങ്കൽ - 1000000

ചെലവ് - 1000000 വികസന ഫണ്ട് ജനറൽ

ബിൽ നമ്പർ,തിയ്യതി - 536564/20-21/18.09.2020,)

പഞ്ചായത്തിൽ എസ്.എസ്.കെ പദ്ധതിയുടെ നടത്തിപ്പിനായി 1000000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ 1000000 ലക്ഷം രൂപയുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം എസ്.എസ്.കെ വഴി നടപ്പിലാക്കി യിട്ടുള്ള പദ്ധതികൾ സാമ്പന്ധിച്ച് പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലുകളും

നടത്തിയിട്ടില്ല. സ.ഉ (കൈ)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. ആവശ്യമായ പദ്ധതി കൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ്. തുക കൈമാറിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അപാകത ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

1-32 കാർഷിക ഉൽപ്പന്നങ്ങൾ വിതരണം ചെയ്തില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥ വിവിധ പദ്ധതികളിൽ കാർഷികോൽപ്പന്നങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളിൽ വാങ്ങിയിട്ടുള്ള ഉൽപ്പന്നങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകളും ഗുണഭോക്തൃലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ തിയ്യതി | തുക |
|---|---|---|
| 46/20-21<br>ഇടവിള കൃഷി വനിത | 26763,26765,26770/11.04.20<br>(വികസന ഫണ്ട് ജനറൽ) | 700000 |
| 47/20-21<br>ഇടവിളകൃഷി (പട്ടിക ജാതി) | 34452/11.04.20<br>(വികസന ഫണ്ട് എസ്.സി.പി) | 88000 |
| 187/20-21<br>ഫല വൃക്ഷത്തൈ വിതരണം (എസ് .സി. വനിത) | 293062/19.03.21<br>(വികസന ഫണ്ട് എസ്.സി.പി) | 200000 |
| | ആകെ | 988000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/20-21/14.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. 988000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-33 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പദ്ധതി - എസ്.ഒ 60/20-21

അടങ്കൽ - 837250

ചെലവ് - 827304

ബിൽ നമ്പർ,തിയ്യതി - 518,519,520,521/29.01.21

പഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാ ണിത്. ടെണ്ടർ നടപടികൾ കൂടാതെ കാഡ്കോ (കേരള അഗ്രോ ഡവലപ്പമെന്റ് കോർപ്പറേഷൻ) എന്ന സ്ഥാപനത്തിൽ നിന്നാണ് 197 കട്ടിലുകൾ കട്ടിൽ ഒന്നിന്ന് 4199.51 രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. വാങ്ങിയിട്ടുള്ള കട്ടിലുകൾ മഹാഗണിയുടെ 198 Cm നീളത്തിലും 90cm വീതിയിലും 60cm , 50cm യഥാക്രമം ബാക്ക് ഫ്രണ്ട് ലെഗ് ഉയരത്തിലും 8mm കനത്തിൽ മുകൾഭാഗം പ്ലൈവുഡിൽ നിർമ്മിച്ചവയുമാണ്. എന്നാൽ ഈ സ്പെസിഫിക്കേഷനിലുള്ള കട്ടിൽ കാഡ്കോയ്ക്ക് ടെണ്ടർ നടപടികളിലൂടെ അല്ലാതെ ഫർണിച്ചറുകൾ വിതരണം ചെയ്യാൻ അനുവാദം നൽകിയിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെടുന്നില്ല. ജി.ഒ.(ആർ.ടി) 60/2017/SPD/20.10.21 നമ്പർ ഉത്തരവ് പ്രകാരമുള്ള ടെണ്ടർ നടപടികളില്ലാതെ വിതരണം ചെയ്യുന്നതിന് അനുവദനീയമായ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ ആണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി(.നം. 12 /20-21 തിയ്യതി 13.09.21) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കാഡ്കോയിൽ നിന്ന് ടെണ്ടർ ഫോർമാലിറ്റികൾ ഇല്ലാതെ നേരിട്ട് വാങ്ങാം എന്ന മനസ്സിലാക്കിയാണ് കട്ടിലുകൾ വാങ്ങിയതെന്നും കാഡ്കോയുടെ ലിസ്റ്റിൽ ഉള്ളതിനേക്കാൾ ഗുണമേന്മ കൂടിയ കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അപാകതകൾ

### 1)വീട് നിർമ്മാണത്തിനായി സ്ഥലം വാങ്ങി നൽകിയ ഗുണഭോക്താക്കൾ വീട് നിർമ്മിക്കാത്തത് സംബന്ധിച്ച്.

പാവപ്പെട്ട എല്ലാ ഭൂരഹിത ഭവന രഹിതർക്കും വീട് ലഭ്യമാക്കുക എന്നതാണ് ലൈഫ് ഭവന പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് (എസ്.ഒ 130 / 21 ചെലവ് തുക 2400000 രൂപ, 134/20-21 ചെലവ് തുക 1385000(രൂപ). ഈ പദ്ധതിയിൽ ഭൂരഹിതരായ 3 ഗുണഭോക്താക്കൾക്ക് 200000 രൂപ വീതം ചെലവഴിച്ച് വീട് നിർമ്മിക്കുന്ന തി നായി സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ വീട്ട നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിൽ രണ്ട് ഗുണഭോക്താക്കൾക്ക് മൂന്ന് സെന്റ് വീതം സ്ഥലം വാങ്ങി നൽകിയിട്ടുള്ളത് മറ്റു പഞ്ചായത്തുകളിലാണ്. ഈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ടി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്. ഈ ഗുണഭോക്താക്കളെ ആ ഗ്രാമപഞ്ചായത്തിലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, അവിടെ ഭവന നിർമ്മാണം തുടങ്ങിയിട്ടുണ്ടോ

തുടങ്ങിയ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല . ശ്രീമതി.പാത്തുമ്മ എളേറ്റിൽ എന്ന ഗുണഭോക്താവിന് നരിക്കുനി ഗ്രാമ പഞ്ചായത്തിലാണ് വീട്ടു നിർമ്മിക്കുന്നതി നായി സ്ഥലം വാങ്ങി നൽകിയിട്ടുള്ളത്. ശ്രീമതി.പാത്തുമ്മയെ ഫോണിൽ ബന്ധപ്പെട്ടതിൽ അവർക്ക് വീട് ആവശ്യമില്ലാത്ത ഒരു സ്ഥിതിയാണ് ഉള്ളതെന്ന് ഫോണിൽ സംസാരിച്ച വ്യക്തി അറിയിക്കുകയുണ്ടായി. ശ്രീമതി.ലീലാവതി മാങ്കുഴി എന്ന ഗുണഭോക്താവിന് താമരശ്ശേരി ഗ്രാമ പഞ്ചായത്തിലാണ് വീടുനിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങി നൽകിയിട്ടുള്ളത്. ശ്രീമതി.ലീലാവതിയെ ഫോണിൽ ബന്ധപ്പെടാൻ സാധിച്ചിട്ടില്ല. ഫോൺ നമ്പർ നിലവിൽ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ശ്രീമതി . ലീലവതി എന്ന ഗുണഭോക്താവിന്റെ സ്വന്തം പേരിലോ മാതാപിതാക്കളുടെ പേരിലോ ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും ലഭ്യമാക്കി യിട്ടില്ല.

വാർഡ് നാലിൽ ഉള്ള ശ്രീ.അബ്ദുള്ള ചെറുവങ്ങാരി എന്ന ഗുണഭോക്താവിന് മൂന്ന് സെന്റ് സ്ഥലം വാങ്ങി നൽകിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല.

എല്ലാവർക്കും പാർപ്പിടം ലഭ്യമാക്കുക എന്ന പദ്ധതി ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് സ്ഥലം വാങ്ങി വാങ്ങി നൽകുന്നതിൽ ഒതുക്കുന്ന രീതിയിലേയ്ക്ക് പോകുന്നത് ശരിയല്ല.

2) <u>ലൈഫ് ഭവന പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്</u>

ലൈഫ് ഭവന പദ്ധതിയിൽ മുൻ വർഷങ്ങളിൽ കരാറിലേർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|
| ശ്രീമതി.പദ്മിനി തോട്ടുങ്ങൽ | 300000 | 100000 രൂപ കൂടി അനുവദിക്കാനുണ്ട്. 200000 രൂപയ്ക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് |
| ശ്രീമതി.സുധ. എൻ.കെ | 40000 | 360000 അനുവദിക്കാനുണ്ട്<br>225000 രൂപയ്ക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് |
| ശ്രീമതി.പ്രീത പീജയൻ കുമ്പാറ | 200000 | 200000 അനുവദിക്കാനുണ്ട്<br>225000 രൂപയ്ക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ തുടരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താ ക്കളെല്ലാം പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

<u>1-35 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ രേഖകൾ ഹാജരാക്കിയില്ല</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ

പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) പ്രോജക്ട് രജിസ്റ്റർ

2) പ്രോജക്ട് 153/20-21 പ്രകാരം ആശുപത്രിയിൽ ഫാർമസിസ്റ്റിനെ ദിവസവേതനാടിസ്ഥാന ത്തിൽ നിയമിച്ചതിന് 179000 രൂപ ചെലവഴിച്ചിട്ടുണ്ട്. ദിവസത്തേയ്ക്ക് 500 രൂപ നിരക്കിൽ 12 മാസ കാലത്തേയ്ക്ക് 179000 രൂപ നൽകിയിട്ടുണ്ട് (358x500) ഫാർമസിസ്റ്റ് ശ്രീമതി ആരിഫ .എ.എം 358 ദിവസം ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ / അറ്റന്റൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) പ്രോജക്ട് 42/20-21 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി 58511 രൂപ ചെലവഴിച്ച് (ബിൽ നമ്പർ 370710/26.03.21 ) യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് 2 ഓക്സിജൻ കോൺസെൻട്രേറ്റർ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിൽ എടുത്ത് വിനിയോഗത്തിനായി കൈമാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

4) പ്രോജക്ട് 150 20-21 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിയിൽ എ.സി സ്ഥാപിക്കുന്നതിന് മൈമാർട്ട് ഡിജിറ്റൽ എന്ന സ്ഥാപനത്തിന് 34900 രൂപ നൽകിയിട്ടുണ്ട് (ബിൽ 506039/9.9.20 ) എ.സി സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/20-21/ 14.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. 272411 രൂപയുടെ ചെലവ് (179000+ 58511+ 34900) തടസ്സത്തിൽ വയ്ക്കുന്നു.

<u>1-36 ടെസ്റ്റ് റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല- ഗുണ നിലവാരം ഉറപ്പുവരുത്താതെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

29 അങ്കണവാടികളിലെ കുട്ടികൾക്കായി എസ്.ഒ 13/20-21 (അങ്കണവാടി പോഷകാഹാര പദ്ധതി)യിൽ ഉൾപ്പെടുത്തി ടി.എച്ച് ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നവജീവൻ, യോഗസിദ്ധ, ശ്രേയസ് പോഷകാഹാര നിർമ്മാണ യൂണിറ്റ് എന്നീ ന്യൂട്രീമിക്സ് നിർമ്മാണ യൂണിറ്റുകളിൽനിന്നാണ് ഭക്ഷ്യമിശ്രിതം അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ ഈ ന്യൂട്രീമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി.3-312/ 2010/18-12-10 - ലെ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക കൈമാറിയി ട്ടുള്ളത്. ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യത്തിൽ യാതൊരു ഇടപെടലും നടത്തിയിട്ടില്ല' . ഫുഡ് സാമ്പിളുകൾ ചെന്നൈയിലുള്ള

റീജിയനൽ ക്വാളിറ്റി കൺട്രോൾ ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ടെങ്കിലും പരിശോധിച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നില്ല, തൻ വർഷം 20.11.20, 16.2.21,10.3.21 എന്നീ തിയ്യതികളിലായി 3 തവണയായി സാമ്പിളുകൾ ഫീസ് സഹിതം അയച്ചിട്ടുണ്ടെങ്കിലും പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. വർഷാരംഭത്തി ന് മുൻപ് തന്നെ റിപ്പോർട്ടുകൾ കിട്ടത്തക്കവിധം സാമ്പിളുകൾ പരിശോധനയ്ക്കയച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് യൂണിറ്റുകളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങേണ്ടത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കുട്ടികളുടെ പോഷകാഹാര വിതരണം തടസ്സം വരാതിരിക്കാനാണ് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതെന്നും റിപ്പോർട്ടുകൾ ലഭിക്കാൻ നടപടികൾ തുടരുന്നുണ്ടെ ന്നും അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

### 2-1 നികുതി തെറ്റായി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു

I. ഫയൽ നമ്പർ: എ3-2389

ഉടമസ്ഥൻ: ശ്രീ.നൗഫൽ, കൊല്ലരുകണ്ടിയിൽ, ആവിലോറ

കെട്ടിട നമ്പർ : 6/393A

ശ്രീ. നൗഫൽ തന്റെ 269.14 വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി മേൽ ഫയൽ പ്രകാരം അപേക്ഷ നൽകി. അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിട നിർമ്മാണ സൂപ്പർവൈസറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 10.1.20ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പ്രകാരം നികുതി നിർണ്ണയിച്ചത് ചുവടെ കൊടുക്കും പ്രകാരമാണ്,

അടിസ്ഥാന വസ്തു നികുതി നിരക്ക് - 4 രൂപ

അടിസ്ഥാന വസ്തു നികുതി - 4 X 269.14 = 1076.56

ഇളവുകൾ

മേഖല ദ്വിദീയം 10% - 107.656

വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവ് 10% - 107.656

ആകെ ഇളവ് - 215.312

വർദ്ധനവ്

ഇല്ല

നിർണ്ണയിച്ച വസ്തു നികുതി - 862 + 44(1076.56 – 215.312)

അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത വസ്തുവിന് മുന്നിലൂടെ പോകുന്ന റോഡിന് 6മീറ്റർ വീതിയുണ്ട്. ഇതു കണക്കാക്കാതെയാണ് വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവാണെന്ന വ്യാജേന 20% നികുതി വർദ്ധനവിന് പകരം 10%നികുതിയിളവ് അനുവദിച്ചി രിക്കുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം 6പരിശോധിച്ചതിൽ ഈ വീടിന്റെ തറ നിർമ്മിതി "സാധാരണ

തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്)(100 ച. മീ)" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി വർദ്ധനവ് (15%)ഒഴിവാക്കി നൽകിയിരിക്കുന്നതായും കണ്ടു. ദേശീയപാതയിൽ നിന്നും 300മീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ദ്വിദീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് വിജ്ഞാപനത്തിലൂടെ പഞ്ചായത്ത് പ്രസിദ്ധീകരിച്ച മേഖലാ തിരിവ് ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന് യഥാർത്ഥത്തിൽ ചുമത്തേണ്ട നികുതി താഴെ കൊടുക്കുന്നു,

അടിസ്ഥാന വസ്തു നികുതി നിരക്ക് - 4 രൂപ

അടിസ്ഥാന വസ്തു നികുതി - 4 X 269.14 = 1076.56

<u>ഇളവുകൾ</u>

മേഖല ദ്വിദീയം 10% - 107.656

<u>വർദ്ധനവ്</u>

വഴി 5 മീറ്ററിൽ കൂടുതൽ 20% - 215.312

തറ നിർമ്മിതി 15%

(വില കൂടിയ വസ്തുക്കൾ ഉപയോഗിച്ചുള്ളതും, 250ച.മീ.കൂടുതലും) - 161.484

ആകെ വർദ്ധനവ് - 376.796

നിർണ്ണയിക്കേണ്ട വസ്തു നികുതി - 1346+67(1076.56 – 107.656 + 376.796)

നികുതിയിൽ കുറവ് - 484 +23രൂപ

II. <u>ഫയൽ നമ്പർ: എ3-3059</u>

ഉടമസ്ഥൻ : ശ്രീ.അബ്ദുള്ള, പ്രസിഡൻന്റ്, ജുമാ അത്ത് പള്ളി, കിഴക്കോത്ത്

കെട്ടിടം നമ്പർ : 9/219C

2019-20ലെ 210 നമ്പർ പെർമിറ്റ് (എ3-BA8315/20)പ്രകാരം 125.26ച.മീ. വിസ്തൃതിയുള്ള കൊമേഴ്സ്യൽ/ മെർക്കൻറൈൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും, മേൽ ഫയൽ പ്രകാരം നിർമ്മാണം പൂർത്തികരിച്ച് നമ്പറിംഗിനായി അപേക്ഷ ലഭിക്കുകയും ചെയ്തു. നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചത് താഴെ ചേർക്കുന്നു,

അടിസ്ഥാന വസ്തു നികുതി നിരക്ക് - 40രൂപ(ഇതര വ്യവസായങ്ങൾക്കാവശ്യമായവ)

അടിസ്ഥാന വസ്തു നികുതി - 40 X 123.41= 4936.4

<u>ഇളവുകൾ</u>

മേഖല ദ്വിദീയം 10% - 493.64

മേൽക്കൂര കുറഞ്ഞയിനം 10% - 493.64

ആകെ ഇളവ് - 987.28

<u>വർദ്ധനവ്</u>

ഇല്ല

നിർണ്ണയിച്ച വസ്തു നികുതി - 3950 + 198(4936.4 – 987.28)

മേൽ ഫയൽ പരിശോധിച്ചതിൽ, സൈറ്റ് പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള റോഡിനഭിമുഖമായാണ് ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ ഫോറം 6ൽ ഒന്നര മീറ്ററിൽ കൂടുതലുള്ള റോഡ് എന്നുൾപ്പെടുത്തി യഥാർത്ഥത്തിൽ വരുത്തേണ്ട 20% വർദ്ധനവ് വരുത്താതെ ബാധകമായ ഇളവുകൾ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കണ്ടു. കൂടാതെ നിർമ്മാണാനുമതി ലഭിച്ച ഉപയോഗക്രമം കൊമേഴ്സ്യൽ/മെർക്കന്റൈൽ ആയിരിക്കെ ഇതരവ്യവസായങ്ങൾക്കുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കാണ് ബാധകമാക്കിയത്. ഉടമസ്ഥൻ നൽകിയ അപേക്ഷയിലും ആയത് കൊമേഴ്സ്യൽ സ്റ്റോറേജ് ഷെഡ് ഉപയോഗത്തിനുള്ളതാണെന്ന് വിവരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ബാധകമാക്കേണ്ടിയി രുന്നത് "വാണിജ്യാവശ്യത്തിനുള്ളവ, 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 50 രൂപ നിരക്കാണ്. യഥാർത്ഥത്തിൽ ചുമത്തേണ്ട നികുതി ചുവടെ ചേർക്കുന്നു,

അടിസ്ഥാന വസ്തു നികുതി നിരക്ക് - 50രൂപ(ഇതര വ്യവസായങ്ങൾക്കാവശ്യമായവ)

അടിസ്ഥാന വസ്തു നികുതി - 50 X 123.41= 6170.5

ഇളവുകൾ

മേഖല ദ്വിദീയം 10% - 617.05

മേൽക്കൂര കുറഞ്ഞയിനം 10% - 617.05

ആകെ ഇളവ് - 1234.1

വർദ്ധനവ്

5മീറ്ററിൽ കൂടുതലുള്ള വഴി 20% - 1234.1

നിർണ്ണയിക്കേണ്ട വസ്തു നികുതി - 6171+ 309

നികുതിയിൽ കുറവ് - 2221 + 111

തെറ്റായി നികുതി നിർണ്ണയിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ നികുതി നിർണ്ണയം കാരണം ഓഡിറ്റ് വർഷത്തിൽ കുറവ് വന്ന 2705 + 134 രൂപ (484 +23 +2221+111) ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 പി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ-എസ്റ്റിമേറ്റിലില്ലാത്ത പ്രവർത്തി നടത്തി അധിക തുക നൽകി.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ പ്രവൃത്തി |
| പ്രൊജക്ട് നമ്പർ | 81/2020-21 |
| അടങ്കൽ | സംരക്ഷണഗ്രാന്റ് 729290/- |
| ചെലവ് | ബിൽനം. 89/ 20.08.2020 -729290/- |
| എം.ബുക്ക് നമ്പർ | 778,742,744 |
| കരാറുകാരൻ | റിജു എം.വി |
| കരാർ നമ്പർ | 16/27.07.2020 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി-യിൽ ആർദ്രം പദ്ധതിക്കാവശ്യമായ ഭൗതിക സാഹചര്യം തയ്യാറാക്കൽ |

| | |
|---|---|
| പ്രൊജക്ട് നമ്പർ | 159/2020-21 |
| അടങ്കൽ | സംരക്ഷണഗ്രാന്റ് (റോഡിതരം) 184093/-<br>ധനകാര്യകമ്മീഷൻ അവാർഡ്-15907/-<br>ആകെ -200000/- |
| ചെലവ് | ബിൽനം.87 / 20.08.2020 -184093/-<br>ബിൽ നം.88/20.08.2020-15907/- |
| എം.ബുക്ക് നമ്പർ | 736 |
| കരാറുകാരൻ | റിജു എം.വി |
| കരാർ നമ്പർ | 16/27.07.2020 |

പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1)എസ്റ്റിമേറ്റിലില്ലാത്ത പ്രവൃത്തി നടത്തി

ഒന്നാമത്തെ പദ്ധതിയിൽ പി.എച്ച്.സി-യിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനാ ണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി 10,0000/- രൂപയുടെ പ്രവൃത്തികൾക്കാണ് സാങ്കേതിക അനുമതി ലഭിച്ചത്( ടി.എസ് നം. എൽ.എസ്.ജി.ഡി/ടി.എസ്-2020-21/ 36950 തീയതി 18.06.2020). ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 18 ാം ഇനം ജി.ഐ പൈപ്പ് ഉപയോ ഗിച്ച് ചുറ്റുമതിലിന് കൈവരി സ്ഥാപിക്കലാണ്( കോഡ് 10.26.3 ). അളവ് പുസ്തകത്തിലും (നം.742 പേജ്.4) ജി.ഐ പൈപ്പ് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതായി രേഖപ്പെടു ത്തിയിട്ടുള്ളത്.

രണ്ടാമത്തെ പദ്ധതിയിൽ വാഹന പാർക്കിംഗ് ഷെഡ്, ചുറ്റുമതിലിന് കൈവരി സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി 20,0000/- രൂപയുടെ പ്രവൃത്തി കൾക്കാണ് സാങ്കേതിക അനുമതി ലഭിച്ചത് (ടി.എസ് നം. എൽ.എസ്.ജി.ഡി/ടി.എസ്- 2020-21 /3953തീയതി 15.01.2020).

എന്നാൽ മേൽ രണ്ട് പദ്ധതികളിലായി പി.എച്ച്.സി-യിലെ ചുറ്റുമതിലിന്റെ മുകളിൽ നിർമ്മിച്ച കൈവരി എം.എസ് സ്റ്റീലു കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം 13.09.2021-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.

അധികമായി നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

എ)പ്രൊജക്ട് നം.81/2020-21

ഡി.എസ്.ആർ പ്രകാരം മീഡിയം സ്റ്റീൽ ട്യൂബിന്റെ അടിസ്ഥാന നിരക്ക് 92/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 120.57 രൂപ/കിഗ്രാം ആണ്. ( കരാറുകാരൻ ഈയിനത്തിന് ക്വോട്ട് ചെയ്തത് 16.28 % കുറവ് കണക്കിലെടുക്കുമ്പോൾ നിരക്ക് 100.94/ കിഗ്രാം ആണ് )

ഡി.എസ്.ആർ പ്രകാരം ജി.ഐ പൈപ്പിന്റെ അടിസ്ഥാന നിരക്ക് 100.25/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 131.39രൂപ/ / കിഗ്രാം ആണ്. ഈ ഇനത്തിന് കരാറുകാരൻ കി.ഗ്രാമിന് 110/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത് (16.28 % കുറവ് ).

അളവു പുസ്തകം പ്രകാരം(ഇനം-18)പ്രവൃത്തിയുടെ മൂല്യം=314.5x110=34595/- രൂപ.

യഥാർത്ഥത്തിൽ അർഹമായ പ്രവൃത്തിയുടെ മൂല്യം= 314.5x100.94=31746/- രൂപ

അധികം നൽകിയ തുക =2849/- രൂപ

ബി) പ്രൊജക്ട് നം.159/2020-21

ഡി.എസ്.ആർ പ്രകാരം മീഡിയം സ്റ്റീൽ ട്യൂബിന്റെ അടിസ്ഥാന നിരക്ക് 92/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 120.57 രൂപ / കിഗ്രാം ആണ്. എക്സ്ട്രാ ഇനമായാണ് ഈ പ്രവൃത്തി നടത്തിയത്.

ഡി.എസ്.ആർ പ്രകാരം ജി.ഐ പൈപ്പിന്റെ അടിസ്ഥാന നിരക്ക് 100.25/- രൂപയും കോസ്റ്റ് ഇൻഡക്സ് 31.06% അടക്കം നിരക്ക് 131.39രൂപ/ കിഗ്രാം ആണ്.

അളവുപുസ്തകംപ്രകാരം(ഇനം-എക്സ്ട്രാ ഇനം-2)പ്രവൃത്തിയുടെ മൂല്യം=717.74x110=94303.85/- രൂപ.

യഥാർത്ഥത്തിൽ അർഹമായ പ്രവൃത്തിയുടെ മൂല്യം= 717.74x100.25=71953.43/- രൂപ

അധികം നൽകിയ തുക =22350/- രൂപ

2) അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലും കൂടിയ അളവിന് തുക നൽകി

ഒന്നാമത്തെ പദ്ധയിൽ അളവ് പുസ്തകം പേജ് നം. 8 പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നിറക്കുന്ന (എസ്റ്റിമേറ്റിലെ 13 ാംമത്തെ ഇനം-കോഡ് 50.2.25.1) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 20.549 ക്യൂബിക് മീറ്ററാണ്. കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് 342 രൂപ/ ക്യൂബിക് മീറ്ററാണ്. എന്നാൽ 23.73 ക്യൂബിക് മീറ്ററിനാണ് തുക അനുവദിച്ചിട്ടുള്ളത്.

കരാറുകാരന് അധികം നൽകിയ തുക=3.181x342=1088/- രൂപ തിരികെ അടവാക്കേണ്ടതാ ണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം.26/2020-21/14.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച പ്രകാരം കരാറുകാരന് അധികം നൽകിയ തുക 23438/- രൂപ സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 07-09-2021 | - |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 72000 | ലൈഫ് ഭവന പദ്ധതി | 72000 | |
| | | 404763 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 404763 | - |
| | | 50000 | മിൽക്ക് സബ്സിഡി | 50000 | |
| | | 40000 | നെൽകൃഷി കൂലി | 40000 | |
| | | | റീ സൈക്ലിങ് കെട്ടിട നിർമാണം | | |
| | | 100000 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 100000 | |

| | | | | | |
|---|---|---|---|---|---|
| | | 75000 | മഴമറ | 75000 | |
| ജില്ലാ പഞ്ചായത്ത് | | 70000 | മിൽക് സബ്സിഡി | 70000 | |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 500000 | - |
| | | | കിണർ റീചാർജ് | | - |
| | | 1440000 | ലൈഫ് ഭവന പദ്ധതി | 1440000 | |
| | | | നെല്ലിനു കൂലി | | |
| | | 115500 | മുട്ട ഗ്രാമം | 115500 | |
| | | 240000 | ക്ഷീര ഗ്രാമം | 240000 | |
| | | 33000 | സുഫലം വിഷ രഹിത ഫലം | 33000 | |
| | | 12000 | പച്ചക്കറി സ്വയം പര്യാപ്ത ജില്ല | 12000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടി വെള്ളം ലഭ്യമാക്കൽ | 21800972, 21800988 | 295000 | | 295000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 2020-21 | - | 2925882 | 409882 | 0 | 2516000 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 1494766 |
| തൻവർഷം നിക്ഷേപിച്ച തുക | 88726 |
| ആകെ | 1583492 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 369879 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1213613 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നം/ തിയതി |
|---|---|---|---|---|
| 2018-19 | 1-29 | 10000 | പ്രേമരാജൻ, ഓഫീസ് അറ്റന്റന്റ് | 120100100618/ 01-07-2020 |
| 2018-19 | 1-29 | 4050 | ഉസ്സയിൻ കെ | 120100100716/ 10-07-2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |
| 2002-03 | 23 | 2004-05 (പൊതു പരാമർശം) | 11.1.1.3 | ക്യാഷ്ബുക്ക് എഴുതിയില്ല | " |
| 2002-03 | | 2004-05 (പൊതു പരാമർശം | 11.1.3.22 | നികുതി പിരിവിൽ അലംഭാവം | " |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി- | " |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | “ |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | “ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80070494 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79645592 |
| വരവിനങ്ങളിലുള്ള നഷ്ടം | 2705 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23438 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4596923 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2705 | | ഹരിഹരൻ കെ,സെക്രട്ടറി |
| 3-1 | | 23438 | ജീന. കെ. അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1533000 | ശുഭ സി.വി, കൃഷി ഓഫീസർ |
| 1-20 | 572000 | ജീന. കെ. അസിസ്റ്റന്റ് എൻജിനീയർ |
| 1-21 | 753996 | ജീന. കെ. അസിസ്റ്റന്റ് എൻജിനീയർ |
| 1-27 | 165016 | ഡോ. ബിനോയ് മെഡിക്കൽ ഓഫീസർ(ആയു) |
| 1-31 | 312500 | ഡോ വിക്രാന്ത് വി വെറ്ററിനറി സർജൻ |
| 1-34 | 988000 | ശുഭ.സി. വി. കൃഷി ഓഫീസർ |
| 1-37 | 272411 | ഡോ. ഹൈഫ മൊയ്തീൻ. മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| സംസ്ഥാനം - | 134 ലൈബ്രറി സെസ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹരിഹരൻ കെ,സെക്രട്ടറി | സെക്രട്ടറി, കൊടിയത്തൂർ | ചിരാത്, താനോന പൊയിൽ, ചേവായൂർ 673017 |
| ശുഭ. സി. വി. കൃഷി ഓഫീസർ | കൃഷി ഓഫീസർ | വഴിപോക്കിൽ, കുഴക്കോട്, ചാത്തമംഗലം |
| ജീന. കെ. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | ജയ നിവാസ് പെരുതാറ്റിൽ പി. ഒ. തലശ്ശേരി-670107 |
| ഡോ ഹൈഫ മൊയ്തീൻ. മെഡിക്കൽഓഫീസർ | മെഡിക്കൽ ഓഫീസർ | പുത്തൻ വീട്ടിൽ, ഉണ്ണികുളം പി. ഒ. |
| ഡോ. ബിനോയ് മെഡിക്കൽ ഓഫീസർ(ആയു) | മെഡിക്കൽ ഓഫീസർ(ആയു) | ബിനോയ് നിവാസ്, താമരശ്ശേരി ,ചുങ്കം |
| ഡോ വിക്രാന്ത് വി വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | പുൽപറമ്പിൽ, പോലൂർ, കോണോട് പി ഒ, കുന്നമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 2-2 | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1717/18(1) | 2-2എ), 3-3(2), 3-9, 3-12 4-5 | |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1239/16(6)/27.4.2017 | 2-4(സി), 2-5, 3-2, 3-3(എ )3-3(ബി), (സി), | |

| | | | |
|---|---|---|---|
| | | 3-8 | |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>2222/18/10.10.18 | 3(12), 3(13)(1), 3(19) | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>2317/18/05.12.18 | 3-1, ,3-5 (1), (2),(3), 3-8,<br>3-12, 3-17 | |
| 2010-11,<br>2011-12 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>1718/18/10.10.2018 | 1-5, 2-1, 2-2, 2-3 (1), (2),2-4, 2-5, 2-7, 3-1(1), (2),3-3(3), 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-3, 4-6 | |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>1925/18/22.9.2018 | 1-3, 1-5, 2-1, 2-2, 2-3, 2-4,3-1, 3-2, 3-6, 3-7, 3-8, 3-9, 4-1 | |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>2224/18/12.10.2018 | 2-1, 2-2(3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>1719/18/29.8.2018 | 2-1(1),(2),(3),(5),(6), 2-3, 2-4, 2-5, 2-7, 3-2,3-3,<br>3-4, 3-5, 3-10, 3-11, 3-13, 3-17(1), (2), 3-18, | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>2225/18/10.10.2018 | 2-1, 2-1(2), 2-1(3), (4), (5),(6), 2-2, 2-5, 2-6, 2-7(1), 2-8, 3-1, 3-2, 3-3(2), (3),(4),(5), (6), 3-8, 3-14 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-1/<br>90/2019/5.3.2019 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി-2/742/2020/<br>18.09.2020. | 1-14, 1-15, 1-16, 1-18, 1-20, 1-22, 1-25, 1-26, 1-27, 1-28, 1-29, 2-2, 3-1, 410 | |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി-2/493/2021/<br>19.03.2021. | മുഴവൻ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്